05 മെയ് 2024
വാല്യം. 31
ലക്കം. 09

# മരുപ്പച്ച

സമകാലിക പത്രിക

maruppacha@yahoo.com
www.marupacha.com
Published from Thiruvalla
on 05-05-2024

MEMBER: NEWS PAPERS ASSOCIATION OF INDIA

വില ₹ 10.00



## ഇനി സംഗീതം മാലാഖമാർക്കൊപ്പം

*സജി മത്തായി കതേട്ട്*

ആത്മീയ ലോകത്തെ സൗമ്യമുഖമായ കടവന്ത്ര ചുട്ടിപ്പാറയിൽ (ഫെലോഷിപ്പ് ഹൗസ്) പാസ്റ്റർ സാം ജോൺ (റെജി 57) വിടവാങ്ങി. എറണാകുളം എക്സോഡസ് ചർച്ച് സീനിയർ സഭാ ശുശ്രൂഷകനായിരുന്നു.

സംഗീതത്തിലൂടെ അനേകരിലേക്ക് ക്രിസ്തുവിനെ പകർന്ന സുവിശേഷകനായിരുന്നു സാം ജോൺ. വിവിധ മാധ്യമങ്ങളിലൂടെ കൊച്ചിയിലെ യുവാക്കളോടൊപ്പം സാമൂഹിക വിപത്തുകൾക്കെതിരെ പോരാടിയ സുവിശേഷകനായിരുന്നു.

കോളജ് ക്യാംപസുകളിലും ഹോട്ടലുകളിലും യുവജനങ്ങളെ ഹരം കൊള്ളിച്ച സംഗീത പരിപാടികളിൽ നിന്ന് ദൈവസ്നേഹത്തിന്റെ ഗായകരായി മാറിയ 'എക്സോഡസി'ന്റെ മുൻനിര പ്രവർത്തകനും ഡ്രമ്മറും പ്രഭാഷകനുമായിരുന്നു പാസ്റ്റർ സാം ജോൺ.

1980കളിൽ കൊച്ചിയിൽ നിറഞ്ഞുനിന്ന പാശ്ചാത്യ സംഗീത ബാൻഡ് ആയിരുന്നു എക്സോഡസ്. പിൽക്കാലങ്ങളിൽ ആ ബാൻഡിന്റെ സംഗീത കൂട്ടായ്മയിൽ പിറന്നു വീണതു ശാന്തിയുടെയും നിത്യ സ്നേഹത്തിന്റെയും ആത്മീയ മൂല്യങ്ങളുടെയും ഗാനങ്ങളാണ്.

1997ൽ എറണാകുളത്ത് എക്സോഡസ് യൂത്ത് ഫെലോഷിപ് ആരംഭിച്ചു. തെരുവോരങ്ങളിലും പൊതുസ്ഥലങ്ങളിലും നിന്നു പാടിയ എക്സോഡസ് കൂട്ടായ്മയ്ക്ക് നൂറുകണക്കിനു യുവാക്കളുടെ ജീവിതത്തിനു പുതിയ ദിശാബോധം നൽകാൻ സാധിച്ചു. 5 വർഷങ്ങൾക്കു ശേഷം എക്സോഡസ് ക്രിസ്ത്യൻ സെന്ററിനു തുടക്കമിട്ടു. ഏയ്ഞ്ചലോസ്, ഗോസ്പൽ ട്യൂണേഴ്സ്, ആത്മീയയാത്ര, റേമ മ്യൂസിക് ടീം തുടങ്ങിയ ക്രിസ്ത്യൻ മ്യൂസിക് ടീമുകളിലും സാം ജോൺ പ്രവർത്തിച്ചിരുന്നു.

ലോകമെമ്പാടും സ്നേഹിതരുള്ള പാസ്റ്റർ സാം ജോണിന്റെ ജീവിതം തികച്ചും വിശുദ്ധമായിരുന്നു. ലാളിത്യവും നിറഞ്ഞ പുഞ്ചിരിയും നിർവ്യാജ സ്നേഹവും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

തന്റെ എല്ലാ ഡീലിംഗ്സിലും യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കണമെന്ന ജീവിതശൈലിയായിരുന്നു സാം ജോണിന്റേത്.

യുവാക്കളെ ആകർഷിക്കുന്നതിലും അവരെ ദൈവ സ്നേഹത്തിന്റെ വലയത്തിൽ ഒത്തൊരുമിപ്പിക്കുന്നതിലും ഏറെ ജാഗ്രത പുലർത്തി.

സഭാ നേതാക്കൾ, മാധ്യമ പ്രവർത്തകർ, എഴുത്തുകാർ, ഗായകർ, സാധാരണക്കാർ തുടങ്ങിയ എല്ലാ മേഖലകളിലുമുള്ളവരുമായും പൊതു ലോകത്തെ എല്ലാതലത്തിലുമുള്ളവരുമായും ഏറെ അടുപ്പം പുലർത്തുകയും ക്രിസ്തു സ്നേഹം അവരിൽ പകരാൻ ജാഗ്രതയുള്ളവനുമായിരുന്നു.

സംസ്കാരം മെയ് 1ന് സൗത്ത് കളമശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ നടന്ന ശുശ്രൂഷയ്ക്ക് ശേഷം ഇടക്കൊച്ചി മക്പേല സെമിത്തേരിയിൽ നടന്നു.

## വെസ്റ്റേൺ പെന്തെക്കോസ്തൽ കോൺഫറൻസ് ജൂലൈ 18 മുതൽ സിയാറ്റിൽ

*സാബു സിയാറ്റിൽ*

**സിയാറ്റിൽ:** അമേരിക്കയുടെയും കാനഡയുടെയും പടിഞ്ഞാറൻ പ്രദേശങ്ങളിൽ കുടിയേറിപ്പാർക്കുന്ന മലയാളി പെന്തെക്കോസ്തരുടെ സംഗമവേദിയായ വെസ്റ്റേൺ പെന്തക്കോസ്തൽ കോൺഫറൻസിന്റെ 34-ാമത് സമ്മേളനം ജൂലൈ 18 മുതൽ 21 വരെ സിയാറ്റ് പട്ടണത്തിനടുത്തുള്ള കിർക്ക്ലാന്റ് സിറ്റിയിലെ നോർത്ത് വെസ്റ്റ് യൂണിവേഴ്സിറ്റിയിൽ നടക്കും.

പ്രശസ്ത സുവിശേഷ പ്രസംഗകരായ ഇവാ. സാജു മാത്യു, ജെയിംസ് ജോർജ് പത്തനാപുരം ഇന്ത്യ പെന്തക്കോസ്ത് ചർച്ച് ഓഫ് സിയാറ്റിൽ ശുശ്രൂഷകനായ പാസ്റ്റർ സാം തോമസ് കല്ലട എന്നിവരാണ് പ്രധാന പ്രസംഗകർ. സഹോദരിമാർക്കായുള്ള യോഗങ്ങളിൽ സിസ്റ്റർ ജെസി സാജു പ്രസംഗിക്കും.

'കർത്താവിന്റെ വരവും ദൈവജനത്തിന്റെ ഒരുക്കവും ' എന്നതാണ് കോൺഫറൻസിന്റെ ചിന്താവിഷയം. വിശാലമായ പാർക്കിംഗ് സൗകര്യമുള്ള ക്യാമ്പസിൽ നടക്കുന്ന സമ്മേളനങ്ങളിൽ വിഭവസമൃദ്ധമായ ഭക്ഷണം നൽകാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ സൗജന്യമായി നടത്തുന്ന ഈ കോൺഫറൻസിലേക്ക് അമേരിക്കയുടെയും കാനഡയുടെയും പടിഞ്ഞാറൻ പ്രദേശങ്ങളിലുള്ള വിശ്വാസികൾക്കും ശുശ്രൂഷകന്മാർക്കും പങ്കെടുക്കാമെന്നും ആധുനിക സൗകര്യങ്ങൾ ഉള്ള ഹോട്ടലുകൾ താമസത്തിനായി അടുത്ത സ്ഥലങ്ങളിൽ ലഭ്യമാണെന്നും ഭാരവാഹികൾ അറിയിച്ചു.





സിയാറ്റിൽ ഏരിയയിലെ പൊതു ശുശ്രൂഷകനും പവർ വിഷൻ ചാനലിലെ പ്രസംഗകനുമായ പാസ്റ്റർ പി.സി എബ്രഹാം (കൺവീനർ), ഇന്ത്യ പെന്തെക്കോസ്തു അസംബ്ലീസ് ഓഫ് സിയാറ്റിലിന്റെ നേതൃസ്ഥാനങ്ങളിൽ പരിചിതനായ ബ്രദർ ഫിലിപ്പ് മാത്യു കയ്യാലത്ത് (സെക്രട്ടറി), ഇന്ത്യ പെന്തെക്കോസ്ത് ചർച്ച് ഓഫ് സിയാറ്റിലിലെ മുതിർന്ന വിശ്വാസിയും സംഘാടകനുമായ ബ്രദർ വിൽസൺ മാത്യു (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ വിശാലമായ കമ്മിറ്റി പ്രവർത്തിക്കുന്നു.

## മെഗാ ക്രൂസേഡ് നവംബറിൽ
### ഡോ. ലീ കോട്ടയത്ത് എത്തുന്നു



**കോട്ടയം:** കോട്ടയം വീണ്ടും മെഗാ ക്രൂസേഡിന് വേദിയാകുന്നു. ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ സഭയായ സൗത്ത് കൊറിയയിലെ യോയീഡോ ഫുൾ ഗോസ്പൽ സഭയുടെ സീനിയർ പാസ്റ്ററും ലോകപ്രശസ്ത പ്രസംഗകനുമായ റവ.യങ് ഹൂ ലീ മുഖ്യ പ്രഭാഷകനായി എത്തും. നവംബർ 27 മുതൽ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ക്രൂസേഡ് എല്ലാ വിഭാഗം പെന്തെകോസ്ത് സഭകളുടെയും സംയുക്ത സമ്മേളനം ആയിട്ടായിരിക്കും നടക്കുക.

1999 സഭാ സ്ഥാപകനും പ്രശസ്ത പ്രസംഗകനുമായ റവ പോൾ യോംഗി ചോ കോട്ടയത്ത് വന്നിരുന്നു. ആ ഓർമ്മ പുതുക്കത്തക്ക നിലയിലാണ് ക്രൂസേഡ് സംഘടിപ്പിക്കുന്നത്. യോംഗി ചോ യുടെ പിൻഗാമിയായ ഡോക്ടർ ലീ 2008 മുതൽ സഭയുടെ സീനിയർ പാസ്റ്റർ ആണ്.

ഈ സമ്മേളനം സംബന്ധിച്ച് പ്രഥമ ആലോചനാ യോഗം ഏപ്രിൽ 29ന് കോട്ടയത്ത് നടന്നു. റവ. കെ. സി.ജോൺ, റവ. ആർ. എബ്രഹാം, ജോയ് താനവേലിൽ എന്നിവർ നേതൃത്വം നൽകി. അടുത്ത ആലോചനാ യോഗം മെയ് 14 വൈകിട്ട് അഞ്ചിന് പുതുപ്പള്ളി ഐപിസി സെമിനാരിയിൽ നടക്കും.

## മുഴുവൻ ഇന്ത്യക്കാരും ഹിന്ദുക്കളെന്ന് ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത്

**ഡൽഹി:** ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാണെന്ന് ആർഎസ്എസ് മേധാവി മോഹൻ ഭാഗവത്. എല്ലാ ഇന്ത്യക്കാരും ഹിന്ദുക്കളാണെന്നും മുഴുവൻ ഇന്ത്യക്കാരെയും ഹിന്ദു പ്രതിനിധാനം ചെയ്യുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദൈനിക് തരുൺ ഭാരത് എന്ന പത്രത്തിന്റെ പ്രസാധകരായ



ശ്രീ നർകേസരി പ്രകാശൻ ലിമിറ്റഡിന്റെ പുതിയ കെട്ടിടമായ മധുകർ ഭവൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മോഹൻ ഭാഗവത്.

'ഇന്ത്യയിലെ എല്ലാ ജനങ്ങളും ഹിന്ദുക്കളാണ്. വ്യത്യസ്ത മതങ്ങളുടെ അനുയായികളാവട്ടെ,

*(ശേഷം പേജ് 8)*




**മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും**

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുക്കുവാൻ അനുവാദമുണ്ട്. ആവശ്യപ്പെടുക

9961720195

## കൊച്ചുപ്പാപ്പൻ

**"ഞാൻ ജീവിച്ചിരിക്കുന്നിടത്തോളം കാലം മുസ്ലീങ്ങൾക്ക് സംവരണ ക്വാട്ട അനുവദിക്കില്ല"**
**- നരേന്ദ്രമോദി**



**മണിപ്പൂർ കാര്യം എന്തായി മോദിജീ?**

## വർഗീയതയുടെ വിത്ത് വിതയ്ക്കാൻ ശ്രമം : മുന്നറിയിപ്പുമായി മാർ ജോസഫ് പാംപ്ലാനി

**കണ്ണൂർ:** ക്രൈസ്തവർക്കിടയിൽ ഭിന്നതയുടെയും വർഗീയതയുടെയും വിത്ത് വിതയ്ക്കാൻ ഒളിഞ്ഞും തെളിഞ്ഞും പലരും ശ്രമിക്കുന്നുണ്ടെന്നു തിരിച്ചറിയണമെന്ന് തലശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി. പെൺകുട്ടികളുടെ പേരും പറഞ്ഞ് വർഗീയ വിഷം വിതയ്ക്കാൻ ആരും പരിശ്രമിക്കേണ്ടതില്ലെന്നും അദ്ദേഹം പറഞ്ഞു.

തലശേരി അതിരുപത കെസിവൈഎം, എസ്എംവൈഎം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ചെമ്പേരിയിൽ സംഘടിപ്പിച്ച നസ്രാണി യുവജന സംഗമ



ത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ആർച്ച് ബിഷപ്പ്.

സമുദായത്തിലെ പെൺകുട്ടികളുടെ അഭിമാനത്തിന് വില പറയാൻ ആരേയും അനുവദിക്കരുത്. യുവജനങ്ങൾ വിവേകവും കരുത്തുമുള്ളവരാകണം. നമ്മുടെ പെൺകുട്ടികളുടെ രക്ഷകരായി പലരും രംഗ പ്രവേശനം ചെയ്യുന്നുണ്ട്. തലശേരി അതിരൂപതയിലെ പെൺകുട്ടികൾ ആത്മാഭിമാനമുള്ളവരാണ്.

ചതിയിലോ പ്രണയക്കുരുക്കിലോ പെടുത്താനാകാത്ത വിധം നട്ടെല്ലുള്ളവരാണ് നമ്മുടെ പെൺകുട്ടികൾ. നമ്മുടെ പെൺമക്കളെ സംരക്ഷിക്കാൻ നമ്മുടെ സമുദായത്തിനറിയാമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

ക്രൈസ്തവർക്ക് പങ്കുവയ്ക്കാൻ ഒരു സ്റ്റോറിയേയുള്ളു. അത് നസ്രായന്റെ സ്റ്റോറിയാണ്. അതിരുകളില്ലാത്ത മഹത്വമാണ് മനുഷ്യത്വം.

ക്രൈസ്തവർ എല്ലാവരെയും മനുഷ്യത്വത്തിന്റെ പേരിൽ ചേർത്തു നിർത്തും. ദൈവത്തെ കാണാൻ അവിടെയും ഇവിടെയും നോക്കേണ്ടതില്ല. നമുക്ക് ചുറ്റുമുള്ള വ്യക്തികളിൽ ദൈവത്തിന്റെ തിരുമുഖം കാണാൻ കഴിയുമെന്നും ആർച്ച് ബിഷപ്പ് പറഞ്ഞു.

ചെയർമാൻ
**ജോൺ വർഗീസ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഷാജി കാരയ്ക്കൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ദീപ്തി അന്ന അച്ചൻകുഞ്ഞ്**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
**ജിജി ബറോഡ**
**ജോൺ മത്തായി അതിരുങ്കൽ**
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**മഞ്ജു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വള്ളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 0469-2634321
maruppacha@yahoo.com
www.marupacha.com





# ഇനി നമുക്ക് ബൈബിൾ പഠിക്കാം...

## ബൈബിൾ പഠനത്തിന് ചില നിർദ്ദേശങ്ങൾ



പി.എസ്. ചെറിയാൻ

**ദൈ**വത്തിന്റെ ചിന്തകളും ദൈവഹിതവും അറിയാൻ നാം തിരുവെഴുത്തുകൾ പരിശോധിക്കണം. ബൈബിൾ പഠനം യൗവന കാലത്തുതന്നെ ആരംഭിച്ചാൽ നിങ്ങൾ ജ്ഞാനിയാകുക മാത്രമല്ല, ജീവിതത്തിൽ വിജയിക്കുകയും ചെയ്യും.

ആധുനികലോക സംവിധാനം വായനയ്ക്കും പഠനത്തിനും ഇടംനല്കാത്തവിധം വേഗതകൂടിയ ജീവിതമാണ് സംഭാവന ചെയ്യുന്നത്. അത്യാവശ്യം വേണ്ട കാര്യങ്ങളൊക്കെ വിരൽതുമ്പിൽ ലഭ്യമാണുതാനും. വായനയും പഠനവുമൊക്കെ പുതിയ തലമുറയ്ക്ക് അന്യമാകുന്ന സാഹചര്യത്തിൽ ബൈബിൾ പോലെയുള്ള പഴയ ഗ്രന്ഥങ്ങളുടെ കാര്യം പ്രത്യേകിച്ച് പറയേണ്ടതുമില്ല.

യഹൂദക്രിസ്ത്യൻ പശ്ചാത്തലത്തിൽ രൂപീകൃതമായ വിശുദ്ധ ബൈബിൾ, യഹൂദ ഇസ്ലാം പശ്ചാത്തലത്തിൽ രൂപപ്പെട്ട വിശുദ്ധ ഖുർആൻ, ഭാരതീയ സംസ്ക്കാരത്തിന്റെ ബീജാവാപം തീർത്ത വേദങ്ങൾ, ഇതിഹാസങ്ങളായ മഹാഭാരതം, രാമായണം എന്നിവയാണ് നമുക്കു പരിചിതമായ മതഗ്രന്ഥങ്ങൾ. വിശേഷ ദിവസങ്ങളിലെ പാരായണങ്ങൾക്കുപരി ഗൗരവകരമായ പഠന സമീപനം ഈ ഗ്രന്ഥങ്ങളോട് സാധാരണക്കാർ പുലർത്താറില്ല.

മതഗ്രന്ഥപഠനത്തിന് രണ്ടുവിധ പ്രായോഗിക തലങ്ങളുണ്ട്. പ്രഥമമായത്, ഭക്തിയോടുകൂടിയ പാരായണം. ഇത് വിശ്വാസത്തിന്റെയും ആചാരത്തിന്റെയും ഭാഗമാണ്. ഇത് ജീവിത ശൈലിയെ സ്വാധീനിക്കുകയും ഭക്തി നിർഭരമായ ആദ്ധ്യാത്മികജീവിതം സാധിതമാക്കുകയും ചെയ്യുന്നു. ഇവിടെ ധാർമ്മിക മൂല്യങ്ങൾക്കും പ്രമാണാധിഷ്ഠിത ജീവിതത്തിനും പ്രസക്തിയുണ്ട്.

രണ്ടാമത്തെ തലം ബുദ്ധിയുടേതാണ്. അറിവിനുവേണ്ടിയുള്ള പാരായണം. ഇവിടെ ഭക്തിക്കോ വിശ്വാസത്തിനോ ധാർമ്മിക മൂല്യങ്ങൾക്കോ പ്രസക്തിയില്ല. അറിയാൻ വേണ്ടി മാത്രമുള്ള ഒരു പഠനം

**വിശുദ്ധതിരുവെഴുത്തുകൾ**

ബൈബിൾ ദൈവവചനമാണ്. അതു സാർവ്വത്രികമാണ്. തിരുവെഴുത്തുകളുടെ ശക്തിയും പ്രാധാന്യവും അമൂല്യമാണ് അതിന്റെ രൂപീകരണത്തിലും ക്രോഡീകരണത്തിലും ഉള്ള ദൈവിക ഇടപെടൽ അത്ഭുതകരമാണ്.

ആയിരത്തി അറുനൂറിൽപരം വർഷങ്ങൾകൊണ്ട് രചിക്കപ്പെടുകയും രണ്ടായിരം വർഷങ്ങൾക്കു മുമ്പ് പൂർത്തീകരിക്കപ്പെടുകയും ചെയ്ത വചനങ്ങളാണ് വിശുദ്ധ ബൈബിളിലുള്ളത്. നാല്പതി ലധികം എഴുത്തുകാർ വിവിധ കാലഘട്ടങ്ങളിൽ ദൈവാത്മപ്രേരിതരായി നടത്തിയ രചനകൾ വൈരുദ്ധ്യമില്ലാത്തതും പരസ്പര പൂരകവുമായത് അത്ഭുതകരമാണ്.

തിരുവെഴുത്തുകളുടെ ആശയപരമായശക്തി കാലാതീതമാണ്. സാമ്രാജ്യങ്ങളും ലോകവ്യവസ്ഥിതികളും മാറി മറിഞ്ഞിട്ടും മാറ്റമില്ലാത്ത ശക്തിയായി അതു നിലനിൽക്കുന്നു. ഏതു വ്യവസ്ഥിതിയിലും ഏതു കാലഘട്ടത്തിലും പുതുമയും പ്രസക്തിയുമുള്ളതാണ് തിരുവെഴുത്തുകൾ എന്നത് ഏറെ ശ്രദ്ധേയമാണ്.

ജീവിതത്തിന്റെ സമസ്തമേഖലയ്ക്കും ആവശ്യമായ ക്രിയാത്മക ചിന്തകളും ധാർമിക ഉപദേശങ്ങളും ദൈവം, മനുഷ്യൻ, പ്രപഞ്ചം എന്നിവയെപ്പറ്റിയുള്ള അറിവുകളും ബൈബിൾ പങ്കുവെയ്ക്കുന്നു.

എല്ലാ വിധ സാഹിത്യരൂപങ്ങളും തിരുവെഴുത്തുകളിലുമുണ്ട്. ഗദ്യം, പദ്യം, ഭാവഗീതം, സംഗീത നാടകം, പ്രണയഗാനം. പ്രവചനം, കഥകൾ, ചരിത്രം, പുരാവൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ സുഭാഷിതങ്ങൾ, കീർത്തനങ്ങൾ എന്നിവയുടെ ഖനിഗർഭമാണിത്. ലോകപ്രസിദ്ധ സാഹിത്യകൃതികൾ മിക്കതും ബൈബിളിന്റെ സ്വാധീനത്താൽ ഉരുത്തിരിഞ്ഞതാണ്.

പ്രധാനമായും എബ്രായ, ഗ്രീക്ക് ഭാഷകളിൽ എഴുതപ്പെട്ട തിരുവെഴുത്തുകൾ ഇന്ന് ഒട്ടുമിക്ക ഭാഷകളിലും ലഭ്യമാണ്.

വേദപുസ്തക രചനയുടെ ഉദ്ദേശ്യം മാനവജാതിക്ക് യേശുക്രിസ്തുവിൽ കൂടി നിത്യജീവൻ ലഭ്യമാണ് എന്ന കാതലായ സന്ദേശം പങ്കുവെയ്ക്കുകയാണ്. 'ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു തന്നേ' (1 യോഹന്നാൻ 5:13). 'യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസി ച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു' (യോഹന്നാൻ 20:31).

നഷ്ടപ്പെട്ടുപോയ ലോകത്തിന് വീണ്ടെടുപ്പിന്റെ സന്ദേശമാണ് വിശുദ്ധബൈബിൾ നൽകുന്നത്. ദൈവം ലോകത്തിൽ ഇടപെ ടുന്നു. അവിടുന്ന് ചരിത്രത്തെ നിയന്ത്രിക്കുന്നു. പാപത്തിന്റെ കൊടുംഭീകരതയിൽ നിന്ന് രക്ഷയുടെ പ്രകാശത്തിലേക്ക് ലോകത്തെ നയിക്കുന്ന രക്ഷാപദ്ധതിയുടെ സാക്ഷ്യപത്രമായി തിരുവെഴുത്തിനെ നമുക്കുകാണാം.

യഹൂദ പശ്ചാത്തലത്തിലാണ് ഇത് രചിക്കപ്പെടുന്നത്. അവസാന ഭാഗങ്ങൾ ക്രിസ്തുശിഷ്യന്മാർ എഴുതി. യഹൂദന്മാർ പഴയനിയമം മാത്രമാണ് അംഗീകരിക്കുന്നത്. പഴയപുതിയ നിയമങ്ങൾ ക്രൈസ്തവജനത ആധികാരികമായി അംഗീകരി ക്കുന്നു.

ബൈബിൾ ഏതെങ്കിലും ഒരു മതത്തിന്റെ ഗ്രന്ഥമല്ല. അങ്ങനെ ഒരു വേർതിരിവ് തെറ്റാണ്. ഇത് വിശ്വസാഹിത്യമാണ്. സകല ജനതയും വിശ്വസിക്കേണ്ട രക്ഷകനെയും പിൻതുടരേണ്ട ജീവിതവുമാണ് ബൈബിൾ നമുക്കു നൽകുന്നത്.

**ബൈബിൾ പഠനം എന്തിന്?**

വേദപുസ്തകം വായിച്ചാൽ പോരേ? എന്താണ് ഇതിൽ ഇത്ര പഠിക്കാനുള്ളത്? ഇങ്ങനെയൊക്കെ ചിന്തിക്കുന്നവരുണ്ട്. വേദപുസ്തകം നൽകുന്ന ദൈവശാസ്ത്രം (Theology) എല്ലാ ശാസ്ത്രങ്ങളുടെയും രാജ്ഞിയാണ് Theology is the queen of all sciences എന്നാണ് ഒരു ചിന്തകൻ പറഞ്ഞത്. വേദപുസ്തകത്തിൽ സകല ശാസ്ത്രത്തിന്റെയും കലയുടെയും ഉറവിടവും ആദിരൂപവും കാണാം. ശാസ്ത്രത്തിന്റെയും മാനവികതയുടെയും ദൈവശാസ്ത്രത്തിന്റെയും അടിത്തറ വിശുദ്ധഗ്രന്ഥമാണ്.

ദൈവശാസ്ത്രവിഷയങ്ങളായ പ്രപഞ്ചോല്പത്തിശാസ്ത്രം, ദൈവശാസ്ത്രം, മനുഷ്യോല്പത്തി, പാപം, ദൂതന്മാർ, ക്രിസ്തു ശാസ്ത്രം, സഭാതത്വശാസ്ത്രം, രക്ഷാസിദ്ധാന്തം, ഭാവികാല ശാസ്ത്രം തുടങ്ങിയവ കൂടാതെ സിവിൽ എൻജിനീയറിംഗ് തത്ത്വങ്ങൾ, തച്ചുശാസ്ത്രം, മനഃശാസ്ത്രം, ഭൗതികശാസ്ത്രം. മാനേജ്മെന്റ്, ഇന്റർപേഴ്സണൽ റിലേഷൻഷിപ്പ്, എത്തിക്സ്, സ്വഭാവശീലങ്ങൾ, പ്ലാനിംഗ്, സാമ്പത്തിക ശാസ്ത്രം, കൃഷി ശാസ്ത്രം, അന്താരാഷ്ട്ര ബന്ധങ്ങൾ, വാണിജ്യം, അദ്ധ്വാനവും ഉദ്പാദനവും, യുദ്ധതന്ത്രങ്ങൾ, വ്യക്തിനിയമങ്ങൾ, ആരോഗ്യ പരിപാലനം, പ്രകൃതി സംരക്ഷണം, മലിനീകരണനിയന്ത്രണം, ഭരണതന്ത്രം, രാഷ്ട്രമീമാംസ, അദ്ധ്യാപനം, രോഗപ്രതിരോധം, ഭക്ഷണനിയമം, ഭൂനിയമം, ബാങ്കിംഗ്, പ്രവാസനിയമം, ഉപഭോഗ നിയമം, ജ്യോതിശാസ്ത്രം, തത്ത്വചിന്ത, ചിത്രകല, ശില്പവിദ്യ, സംഗീതം, കുറ്റവുംശിക്ഷയും, വസ്ത്രധാരണം എന്നിങ്ങനെ ജീവിതത്തിന്റെ സമസ്തമേഖലകളെയും സംബന്ധിക്കുന്ന ആധികാരിക രേഖകൾ വിശുദ്ധബൈബിളിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

വേദപുസ്തക പഠനത്തിന് രണ്ടു തലങ്ങളാണുള്ളത്.

**1. വേദപുസ്തകത്തെപ്പറ്റിയുള്ള പഠനം**


ഇത് വേദപുസ്തത്തിന്റെ ഉത്ഭവം, ക്രോഡീകരണം, രചന, രചയിതാക്കൾ, കാലം, ആധികാരികത, ഭാഷ, സാഹിത്യരൂപം. നിരൂപണം എന്നിവയാണ്. ഇതുകൂടാതെ വേദപുസ്തക സംബന്ധിയായ നിരവധി വിഷയങ്ങളുണ്ട്. സഭാചരിത്രം. സഭാപിതാക്കന്മാരുടെ ചരിത്രം. സംസ്ക്കാരപഠനം, മതതാരതമ്യ പഠനം, മൂലഭാഷാപഠനം, മിഷനറി ചരിത്രം, മിഷൻ ചരിത്രം തുടങ്ങിയവ. ഇവയെല്ലാം ബൈബിളിനു പുറത്തുള്ള പഠനമാണ്.


**2. വേദപുസ്തകത്തിൽ നിന്നുള്ള പഠനം**

വേദപുസ്തകത്തിൽ നിന്നുള്ള പഠനത്തിന് ഏറ്റവും നല്ല ഉദാഹരണം വ്യവസ്ഥാപിത ദൈവശാസ്ത്ര (Systematic Theology) മാണ്. ഓരോ പുസ്തകവും പ്രത്യേകം വിശദ വ്യാഖ്യാനത്തിനു വിധേയമാകുന്നതും ബൈബിളിൽ പ്രമേയങ്ങൾ പഠിക്കുന്നതും മറ്റു രീതിയാണ്.

ബൈബിൾ പഠനം ഒരു നിസ്സാരമായ കാര്യമായി ചിന്തിക്കരുത്. ചരിത്രം, ഭൂമിശാസ്ത്രം, നരവംശ ശാസ്ത്രം , ഭാഷാ ശാസ്ത്രം, സംസ്ക്കാരങ്ങൾ തുടങ്ങി ഒട്ടനവധി

**വേദപുസ്തകം വായിച്ചാൽ പോരേ? എന്താണ് ഇതിൽ ഇത്ര പഠിക്കാനുള്ളത്? ഇങ്ങനെയൊക്കെ ചിന്തിക്കുന്നവരുണ്ട്. വേദപുസ്തകം നൽകുന്ന ദൈവശാസ്ത്രം എല്ലാ ശാസ്ത്രങ്ങളുടെയും രാജ്ഞിയാണ് എന്നാണ് ഒരു ചിന്തകൻ പറഞ്ഞത്. വേദപുസ്തകത്തിൽ സകല ശാസ്ത്രത്തിന്റെയും കലയുടെയും ഉറവിടവും ആദിരൂപവും കാണാം. ശാസ്ത്രത്തിന്റെയും മാനവികതയുടെയും ദൈവശാസ്ത്രത്തിന്റെയും അടിത്തറ വിശുദ്ധഗ്രന്ഥമാണ്.**





പഠനശാഖ കളുമായി ബന്ധപ്പെട്ടു മാത്രമേ അർഥപൂർണ്ണമായ വേദ പഠനം സാധ്യമാകുകയുള്ളു.

വേദപുസ്തകത്തെപ്പറ്റി പഠിക്കുന്നതിലും വേദപുസ്തകത്തിൽ നിന്നു പഠിക്കുന്നതാണ് അഭികാമ്യം. വേദപുസ്തകത്തെപ്പറ്റിയുള്ള പഠനം ഹയർ ക്രിട്ടിസിസ (Higher criticism)ത്തിലേക്കു നീങ്ങുകയും പുസ്തകത്തിന്റെ വിശ്വാസ്യതയും ആധികാരികതയും ചോദ്യം ചെയ്യപ്പെടുകയു മുണ്ടായി. സാമാന്യമായ തലംവിട്ട് വിശ്വാസത്തിന് ഹാനി വരുത്തുന്ന നിരൂപണ പഠനങ്ങൾ ഗുണത്തെക്കാൾ ദോഷം ചെയ്യും. ഭൗതികമായ സമീപന രീതികളിലൂടെയും പ്രത്യയശാസ്ത്രങ്ങളുടെ വെളിച്ചത്തിലും നടത്തുന്ന പഠനങ്ങൾ പുതിയ ദൈവ ശാസ്ത്ര ങ്ങൾക്കു രൂപം നൽകിയെങ്കിലും ആത്മികവശം ഇവയൊക്കെ നഷ്ടമാക്കി

സഭാപിതാക്കന്മാർക്കും നവീകരണ ചിന്തകൾക്കുംശേഷം നവോത്ഥാനത്തിന്റെ പുത്തൻശക്തിയോടെ ബൈബിൾ പഠനം പുതിയ തലമുറകളിലേക്ക് നീണ്ടു ജർമ്മനിയിലും അമേരിക്കയിലും ഇംഗ്ലണ്ടിലും പഠനസമീപനങ്ങൾ ഉണ്ടായി ഇതിൽ പുതിയ ചരിത്ര നിരൂപകരും അപ്പോളജെറ്റിക്കുകളും ഉണ്ടായിരുന്നു ചില പേരുകൾ ചുവടെ ചേർക്കുന്നു.

ജോൺ ലെറ്റ്ഫുട്ട് (1602-1675), ജോൺ സ്പെൻസർ (1830-1883) തോമസ് മോർഗൻ (1630-1743), തോമസ് ചബ്ബ് (1679-1749). അലക്സാണ്ടർ (1699-1770), ജോൺ വെസ്ലി (1703-1791). ഇമ്മാനുവേൽ കാന്റ് (1720-1804), ജൂലിയാസ് വെൽഹാവുസെൻ (1844-1918), ആഡംക്ലാർക്ക് (1760-1832), ചാൾസ് ഹേയ്ഗോൻ സ്പർജൻ (1834-1892), ഫെഡറിക് ദാനിയേൽ ഏണസ്റ്റ് സ്ഖെർമാക്കെർ (1768-1834), ആൽബെർട്ട് സ്ക്കളർ (1819-1857) ചാൾസ് ഹോഡ്ജ് (1797-1878), ജെ. ബി. ലൈറ്റ് ഫുട്ട് (1828-1889). ജെ. സി. റൈലി (1816-1900), വെസ്റ്റ് കോട്ട് (1825-1901). എഫ് ഡബ്ല്യ ഫാരൻ (1831-1903), വില്യം സാൻഡേ (1843-1920), വില്യം മിച്ചൽ റാംസേ (1851-1930), എഡ്‌വേർഡ് ബി. ടെയ്‌ലർ (1832-1917). ഹെർമെൻ ഗുൽകെൽ (1862-1932), കാൾ ബാത്ത് (1886-1962). റുഡോൾഫ് കാൾ ബുൾട്ട്മാൻ (1884-1976), റോബർട്ട് ഹെന്റി ലൈറ്റ്ഫ്രൂട്ട് (1883-1953), ചാൾസ് ഹാരോൾഡ് ഡോഡ് (1884-1973).

വില്യം ബാർക്ലേ (1907-1978), ജോൺ ആർതർ തോമസ് റോബിൻസൺ (1919-1983), ജോൺ നോക്സ് (1900-1990), ചാൾസ് കിംഗ് സിലി ബാരറ്റ് (ജ. 1917). ഇതൊരു ചുരുക്കപ്പട്ടികയാണ്. ഇവരുടെ ഗ്രന്ഥങ്ങൾ പഠിക്കേണ്ടത് തിരുവെഴുത്തുകളെ അടുത്തറിയാൻ സഹായകമാണ്. ബൈബിൾ പഠനത്തിൻറെ വിശാലത നമുക്കു നൽകിയ പണ്ഡിത ശ്രേഷ്ഠർ മലയാളത്തിലു മുണ്ട് ധാരാളം.

**ബൈബിൾ പഠനത്തിന്റെ ആവശ്യകത**

ബൈബിൾ പഠിക്കുന്നത് സമസ്തശാസ്ത്രങ്ങളും ഉൾക്കൊള്ളാൻ കഴിവുള്ളതാണ്. എന്നാൽ കേവലം അറിവിനേക്കാൾ മനുഷ്യജന്മത്തിന്റെ ലക്ഷ്യം കണ്ടെത്താനും ജീവിതം അർത്ഥപൂർണ്ണമാക്കുവാനും വേദപുസ്തകപഠനം ആവശ്യമാണ്.

ദൈവത്തെപ്പറ്റിയുള്ള അറിവ് ദൈവം തന്നെ വെളിപ്പെടുത്തി യതാണ് വിശുദ്ധഗ്രന്ഥം. അതുകൊണ്ട് വികലമായ ചിന്തകൾ വെടിഞ്ഞ് ഭക്തിപൂർണ്ണമായ ആത്മിക ജീവിതം നയിക്കുവാൻ വേദപഠനം സഹായിക്കും. 'യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനവും വിവേകവും ആകുന്നു' (സദൃ. 9:10). 'പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു' (ഹോശേയ 4:6) എന്നാണ് ദൈവം പറയുന്നത്. ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കുവാൻ (റോമർ 1:28) തിരുവെഴുത്തിലെ വെളിപ്പാടുകൾ നമ്മെ സഹായിക്കും. നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമുള്ളതൊക്കെ ദൈവം ദാനം ചെയ്തിരിക്കുന്നു (2 പത്രൊ. 1:3).

**ദൈവത്തെപ്പറ്റിയുള്ള അറിവ് ദൈവം തന്നെ വെളിപ്പെടുത്തി യതാണ് വിശുദ്ധഗ്രന്ഥം. അതുകൊണ്ട് വികലമായ ചിന്തകൾ വെടിഞ്ഞ് ഭക്തിപൂർണ്ണമായ ആത്മികജീവിതം നയിക്കുവാൻ വേദപഠനം സഹായിക്കും. 'യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനവും വിവേകവും ആകുന്നു' (സദൃ. 9:10). 'പരിജ്ഞാനം ഇല്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു' (ഹോശേയ 4:6) എന്നാണ് ദൈവം പറയുന്നത്. ദൈവത്തെ പരിജ്ഞാനത്തിൽ ധരിക്കുവാൻ (റോമർ 1:28) തിരുവെഴുത്തിലെ വെളിപ്പാടുകൾ നമ്മെ സഹായിക്കും. നമ്മുടെ ജീവനും ഭക്തിക്കും ആവശ്യമുള്ളതൊക്കെ ദൈവം ദാനം ചെയ്തിരിക്കുന്നു (2 പത്രൊ. 1:3).**

ഓരോ മനുഷ്യനും രക്ഷയുടെ പൂർത്തീകരണത്തിലേക്കു വളരുവാൻ ദൈവവചനം ഗ്രഹിക്കേണ്ടതുണ്ട്. ലോകത്തിന്റെ ചിന്തകളും ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കും വചനപരിജ്ഞാനം നേടിയാലേ അത് അതിജീവിക്കാൻ കഴിയൂ 'ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിനു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു' (സങ്കീർത്തനം 119: 11) എന്നാണ് ഭക്തൻ പറുന്നത്. ഈ വചനസംഗ്രഹണം കേവല ജ്ഞാനത്തിനുവേണ്ടിയല്ല പ്രായോഗികമായ വിശുദ്ധജീവിതത്തിനു വേണ്ടിയാണ്.

മറ്റുള്ളവരോട്, പ്രത്യേകിച്ച് പരിഹസിക്കുകയും വിമർശി ക്കുകയും ചെയ്യുന്നവരോട് സംസാരിക്കുവാൻ വചനമാണ് ഉത്തമം.

ദൈവവചനം പഠിച്ചിട്ടുള്ള വ്യക്തി മാന്യമായി സംസാരിക്കുവാൻ പ്രാപ്തനാകും. 'ഞാൻ നിന്റെ വചനത്തിൽ ആശ്രയിക്കുന്നതു കൊണ്ട് എന്നെ നിന്ദിക്കുന്നവരോടു ഉത്തരം പറയുവാൻ ഞാൻ പ്രാപ്തനാകും' (സങ്കീർത്തനം 119:42).

നാം അനുഭവിക്കുന്ന കഷ്ടതയിലും പ്രതികൂലസാഹചര്യത്തിലും സമാധാനം കണ്ടെത്താൻ വചനം സഹായിക്കും. 'നിന്റെ വചനം എന്നെ ജീവിപ്പിച്ചിരിക്കുന്നതു എന്റെ കഷ്ടതയിൽ എനിക്കു ആശ്വാസമാകുന്നു' (സങ്കീർത്തനം 119:5).

സംഘർഷഭരിതമായ ജീവിതത്തിൽ അനുദിനം പ്രകാശം പകർന്ന് മുമ്പോട്ടു നയിക്കുന്നത് തിരുവെഴുത്തുകളാണ്. 'നിന്റെ വചനം എന്റെ കാലിനു ദീപവും പാതയ്ക്കു പ്രകാശവും ആകുന്നു' (സങ്കീർത്തനം 119:105).

മതബഹുലസമൂഹത്തിൽ വിശ്വാസത്തിന്റെ പരമാർത്ഥതയും സത്യവും ഗ്രഹിക്കുവാൻ ഏതൊരു ക്രിസ്തുഭക്തനും വചനപരിജ്ഞാനം ആവശ്യമാണ്.

വേദപാഠശാലകളിൽ പഠനം നടത്താൻ സാധിക്കാതെ സാധാരണ ജീവിതം നയിക്കുന്ന സഭാജനങ്ങളെ വചന പരിജ്ഞാനത്തിലേക്കു വളർത്തി ആത്മീയജീവിതം ധന്യമാക്കു വാൻ സഭാപരിപാലകർക്ക് വലിയ ഉത്തരവാദിത്തമുണ്ട് മൂല്യാധിഷ്ഠിതജീവിതം നയിക്കുവാനും ദൈവികപദ്ധതികൾ അറിയുവാനും ഓരോ വിശ്വാസിയും പഠനത്തിനു മനസ്സു വയ്ക്കേണ്ടതുമാണ്.

**സ്വയപഠനത്തിനുള്ള നിർദ്ദേശങ്ങൾ**

ബൈബിൾ സ്വയം പഠിക്കാൻ ആഗ്രഹിക്കുന്നവർ അത് ക്രമമായി വായിക്കണം. ഒന്നോരണ്ടോതവണ ബൈബിൾ മുഴുവൻ വായിക്കുന്നത് നന്ന്. പ്രഭാതത്തിലും വൈകുന്നേരത്തും പ്രത്യേകം സമയം കണ്ടെത്തി ഒരു അദ്ധ്യായമെങ്കിലും വായിച്ച് അൽപനേരം ധ്യാനിക്കുക. വായിച്ച ഭാഗത്തെ ദൈവിക സന്ദേശം കണ്ടെത്തി ജീവിതത്തിൽ പ്രാവർത്തികമാക്കുക.

ബൈബിൾ പഠനത്തിന് ആഗമരീതി (Inductive Method). വിശദവ്യാഖ്യാനരീതി (Exegesis Method), വിഷയപഠനരീതി (Topical Study Method), ജീവചരിത്രപഠനരീതി (Biographical Study Method) എന്നിങ്ങനെ വിവിധരീതികളുണ്ട്. ഓരോ വാക്യത്തിലെയും വാക്കുകളുടെ അർത്ഥം, സന്ദർഭം എന്നിവയും സമകാലിക സന്ദേശവുമാണ് ആഗമരീതി. പ്രത്യേക ഭാഗം വിശദമായി വിശകലനം ചെയ്ത് എഴുത്തുകാരൻ ഉദ്ദേശിച്ച അർത്ഥവും അതിന്റെ ആത്മികദൂതും കണ്ടെത്തുകയാണ് വിശദവ്യാഖ്യാനം. ഒരു വിഷയത്തെപ്പറ്റി ബൈബിളിലെ പല ഭാഗത്തു പഠിച്ചിട്ടുള്ള കാര്യങ്ങൾ ക്രോഡീകരിച്ച് പഠനം നടത്തുന്നതാണ് വിഷയപഠനരീതി, വേദപുസ്തകത്തിന് സഹായകമായി ചില അടിസ്ഥാന കാര്യങ്ങൾ നാം കരുതിയിരിക്കണം. ബൈബിൾ ഡിക്ഷണറി, കമന്ററി, അറ്റ്ലസ്, ബൈബിളിന്റെ വിവിധ പരിഭാഷകൾ, കൺകോർഡൻസ് എന്നിവ അത്യാവശ്യമാണ്.

The New Bible Dictionary
Unger's Bible Dictionary
Holman Illustrated Bible Dictionary

**ബൈബിൾ നിഘണ്ടു ( Dictionary**

ബൈബിൾ ശബ്ദസാഗരം എന്നിവ ഡിക്ഷ്ണറികൾക്ക് ഉദാഹരണമാണ്.

കമന്ററികൾ: വില്യം ബാർക്ലേയുടെ The Daily Bible Study, Mathew Henry's Commentary on the Whole Bible, Mac Arthur Commentary, The New Bible Commetnry, The Bible Knowledge Commentary, Jamieson, Fausset & Brown's Commentary on the Whole Bible, ഇവയിൽ ലഭ്യമായത് ഉപയോഗിക്കാം.

Cruden's Complete Concordance, tSrong's Exhaustive Concordance, Young's Analytical Concordance കൺകോർഡൻസുകൾ വിഷയ പഠനത്തിന് മറ്റൊരു ഗ്രന്ഥമാണ് Nave's Topical Bible.

പഠനക്കുറിപ്പുകളുള്ള സ്റ്റഡി ബൈബിളുകൾ ഇന്നു ലഭ്യമാണ്.

Scofied Reference Bible
Thompson Chain Reference Bible
NIV Study Bible
Life Application Study Bible
The Dake's Annotated Reference Bible Mac Arthur Study Bible എന്നിവ ഉപയോഗിക്കാം.

വേദപുസ്തക പഠനം നമ്മെ നല്ല പൗരന്മാരാക്കും. വ്യക്തിത്വ വികസനത്തിനും സ്വഭാവസംസ്കരണത്തിനും അത് ഉപകരിക്കും. ഓരോ ദിവസവും ദൈവശബ്ദം കേൾക്കുവാൻ ബൈബിൾ ധ്യാനിക്കുന്നതിലൂടെ സാധിക്കും. ബൈബിൾ കൂടാതെ ലോകത്തെ ഭരിക്കാൻ കഴിയില്ലെന്നു പ്രഖ്യാപിച്ച ഭരണകർത്താക്കൾ നമുക്കുണ്ട്. ജീവിതത്തെ ദൈവിക പദ്ധതിയോടു ചേർത്തു നിർത്തുവാൻ ദൈവത്തിന്റെ വചനം നാം പഠിക്കുകതന്നെ വേണം.



**ഗാസയിലെ ക്രൈസ്തവ സാന്നിധ്യം മായുകയാണ്. ഇവിടെ ശേഷിക്കുന്ന ചില ക്രൈസ്തവ കുടുംബങ്ങൾ ഇന്ന് ലോകത്തിന് ഒരു ചോദ്യചിഹ്നമാണ്. ഭക്ഷണവും വെള്ളവുമില്ല, ജീവന് സുരക്ഷിതത്വവുമില്ല. എങ്കിലും വിശ്വാസത്തിൽ ഉറച്ച് ഗാസയിലെ ഏക ക്രിസ്തീയ ആരാധനാലയത്തിൽ അഭയം തേടിയിരിക്കുകയാണ് അവശേഷിക്കുന്ന 512 ക്രൈസ്തവർ.**



# 'ഞങ്ങൾ മരിക്കേണ്ടി വന്നാലും അത് പള്ളിയിൽ തന്നെ'

## ഗാസയുടെ ചരിത്രം; ക്രൈസ്തവരുടേതും!



ഷാജി മാറാനാഥ

ഇസ്രായേൽ -ഹമാസ് സംഘർഷത്തിൽ ദുരിതമനുഭവിക്കുന്ന ഗാസയിലെ ജനത ലോകത്തിനു മുഴുവൻ കണ്ണുനീരായി മാറുകയാണ്. ഈ വേദനകൾക്കു നടുവിലും ദൈവത്തിലുള്ള വിശ്വാസം കൈവിടാതെ പ്രാർത്ഥനയിൽ അഭയം ചാരുന്ന ഗാസായിലെ ക്രിസ്തീയസമൂഹത്തെ പറ്റിയുള്ള സാക്ഷ്യങ്ങൾ ഏറെ പ്രതീക്ഷകൾ നൽകുന്നു. ഗാസയിലെ ഏക ക്രിസ്തീയ ആരാധനാലയത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന നിരവധി ആളുകൾ ബോംബാക്രമണത്തിന്റെ ഭീഷണി ഒഴിയുന്നില്ല. എങ്കിലും മരണമാണെങ്കിൽ പോലും അത് ക്രിസ്തുവിന്റെ സാന്നിധ്യമുള്ള ഈ ആലയത്തിൽ കിടന്ന് ആയിക്കോട്ടെയെന്നാണ് ഇപ്പോൾ അവർ ചിന്തിക്കുന്നത്. സൈതുൺ, തുർക്ക്മാൻ പ്രദേശങ്ങളിൽനിന്നും ഒഴിഞ്ഞുപോകണമെന്നുള്ള ഇസ്രായേൽ സൈന്യത്തിന്റെ നിർദേശമനുസരിച്ച് നിരവധി ആളുകളാണ് ഗാസയിലെ ക്രിസ്ത്യൻ പള്ളിലേക്ക് വന്നത്. എന്നാൽ അയല്പക്കങ്ങളിൽ നടക്കുന്ന ബോംബാക്രമണങ്ങളിൽ ഭയചകിതരുമാണിവർ ഗാസയിലെ ഏക ക്രിസ്തീയ ആരാധനാലയമായ ഹോളി ഫാമിലി ചർച്ചിന്റെ വികാരി ഫാ. റൊമാനെല്ലിയെ ആണ് ഇവരെക്കുറിച്ചുള്ള വിവരങ്ങൾ പുറത്ത് വിട്ടത്.

സൈതുൺ, തുർക്ക്മാൻ പ്രദേശങ്ങളിൽനിന്നും ഒഴിഞ്ഞുപോകണമെന്നുള്ള ഇസ്രായേൽ സൈന്യത്തിന്റെ നിർദേശമനുസരിച്ച് നിരവധി ആളുകളാണ് ഗാസയിലെ പള്ളിയിലേക്ക് എത്തിയത്. സാഹചര്യം മാറി മറിയുമ്പോഴും ഇവിടെയുള്ള വിശ്വാസികൾ പ്രാർത്ഥനയിൽ ആഴപ്പെടുകയാണ്. പള്ളിയിൽ തന്നെ താമസിക്കുവാൻ ആഗ്രഹിക്കുന്ന ആളുകളുടെ ശക്തമായ വിശ്വാസ തീക്ഷ്ണത വൈദികൻ പങ്കുവെച്ചു. 'ഞങ്ങൾ മരിക്കേണ്ടി വന്നാൽ അത് പള്ളിക്കുള്ളിൽ യേശുവിനോട് ചേർന്നായിരിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതാണ് ഞങ്ങളുടെ ഭവനം, ഇവിടെനിന്നും ഞങ്ങൾ എങ്ങോട്ടേക്കും പോകുന്നില്ല'.

കാലാവസ്ഥയുടെ കാഠിന്യവും ഭീതിയും ഭക്ഷണദൗർലഭ്യതയുമെല്ലാം നിരവധി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെങ്കിലും എല്ലാവരും പ്രാർത്ഥനയിലാണ്. യുദ്ധത്തിന്റെ ഇരകൾ, എല്ലാം നഷ്ടപ്പെട്ടവർ എന്ന ചിന്തകൾക്കൊപ്പം ദൈവത്തിലുള്ള വിശ്വാസം കൂടെ ചേർത്തുവച്ചുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ ദൈവം രക്ഷിക്കുമെന്ന പ്രത്യാശ ജനത്തിന് ലഭിക്കുകയാണെന്നും ഫാ. റൊമാനെല്ലി കൂട്ടിച്ചേർത്തു. ഹമാസ് -ഇസ്രായേൽ പോരാട്ടം വീണ്ടും ആരംഭിച്ച് നാല് മാസത്തിനിടെ മുപ്പതോളം ക്രിസ്ത്യാനികളാണ് ഗാസയിൽ മരിച്ചതെന്ന് എയ്ഡ് ടു ദി ചർച്ച് ഇൻ നീഡ് സംഘടന റിപ്പോർട്ട് ചെയ്യുന്നു. കഴിഞ്ഞ വർഷം ഒക്ടോബറിൽ ഗ്രീക്ക് ഓർത്തഡോക്സ് പള്ളി കോമ്പൗണ്ടിൽ നടന്ന ഇസ്രായേൽ ആക്രമണത്തിൽ 17 പേരും ഹോളി ഫാമിലി ആരാധനാലയത്തിൽ ഇസ്രായേലി സ്നൈപ്പർമാർ കൊലപ്പെടുത്തിയ രണ്ട് സ്ത്രീകളും ഇതിൽ ഉൾപ്പെടുന്നു. സംഘർഷങ്ങളും യുദ്ധ തീവ്രതയും താങ്ങാനാകാതെ 11 പേർ വിവിധ അസുഖങ്ങളെ തുടർന്ന് മതിയായ ചികിത്സ ലഭിക്കാതെയാണ് മരിച്ചതെന്ന് പ്രാദേശിക വൃത്തങ്ങളെ ഉദ്ധരിച്ചുള്ള റിപ്പോർട്ടിൽ പറയുന്നു. മേഖലയെ വടക്കും തെക്കും രണ്ട് വ്യത്യസ്ത ഭാഗങ്ങളായി തിരിച്ചിരിക്കുകയാണെന്നും ഭക്ഷണവും ഇന്ധനവും കണ്ടെത്തുന്നത് വളരെ പ്രയാസകരമായി തുടരുകയാണെന്നും എസിഎൻ ചൂണ്ടിക്കാട്ടി. പ്രതിസന്ധികൾക്കിടയിലും, ഒരു വൈദികനും മൂന്ന് വ്യത്യസ്ത സന്യാസ സമൂഹങ്ങളിൽ നിന്നുള്ള ഏഴ് കന്യാസ്ത്രീകളും സേവനം തുടരുകയാണ്. ഗാസയിലെ ഏക ക്രൈസ്തവ ആരാധനാലയമായ ഹോളി ഫാമിലി ചർച്ചിൽ അഭയം കണ്ടെത്തിയ ക്രൈസ്തവർക്കും മറ്റ് മതസ്ഥർക്കും ഇവർ സമാനതകളില്ലാതെ സേവനം ചെയ്യുകയാണ്... "മറ്റെന്തിനേക്കാളും വേദനിപ്പിക്കുന്ന കാര്യം, ഈ യുദ്ധം നിർത്താൻ ആരും ഒന്നും ചെയ്യുന്നില്ല എന്നതാണ്, രണ്ട് മത്സരാർത്ഥികളോടും 'മതി' എന്ന് പറയാൻ അന്താരാഷ്ട്ര സമൂഹത്തിന് ധൈര്യമില്ല. അതേസമയം, ഇവിടെ സാധാരണക്കാർ പട്ടിണിയും ബുദ്ധിമുട്ടും മൂലം ബോംബുകൾക്കിടയിൽ മരിക്കുന്നു. പാവപ്പെട്ടവരിൽ നിന്നും അവർക്കെന്തു ലഭിക്കാനാണ്?", കുടിയിറക്കപ്പെട്ട സന്യാസിനി സിസ്റ്റർ നബീല വേദനയോടെ പറയുന്നു.

ജെറുസലേമിലെ ലാറ്റിൻ പാത്രിയാർക്കേറ്റിന്റെ ഭാഗമായ പള്ളി കോമ്പൗണ്ടിൽ ഒരു ഘട്ടത്തിൽ 700 പേർ അഭയം തേടിയിരുന്നു. എന്നാൽ കുടിയേറ്റവും മരണവും ആളുകളുടെ എണ്ണം കുറയ്ക്കുന്നതിന് കാരണമായി. ക്രൈസ്തവ സന്നദ്ധ സംഘടനയായ എയിഡ് ടു ദ ചർച്ച് ഇൻ നീഡ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം ഹോളി ഫാമിലി പള്ളിയുടെ പാരിഷ് കോമ്പൗണ്ടിൽ നിലവിൽ 128 കുടുംബങ്ങളാണ് അഭയം തേടിയിരിക്കുന്നത്. 120 കുട്ടികളും 60 വികലാംഗരും 65 വയസ്സിനു മുകളിലുള്ള 84 പേരും ഉൾപ്പെടെയുള്ളവരാണ് പള്ളിയിൽ ഉള്ളതെന്നും സംഘടന വെളിപ്പെടുത്തി. ശുദ്ധജലത്തിന്റെയും ഭക്ഷണത്തിന്റെയും അഭാവവും പകർച്ചവ്യാധികളും ഇവിടെ കഴിയുന്നവരെ അലട്ടുന്നുണ്ടെങ്കിലും ക്രിസ്തുവിൽ പ്രത്യാശയർപ്പിച്ച് ഇവർ മുന്നോട്ട് പോകുകയാണെന്ന് ഇവിടെ സേവനം ചെയ്യുന്ന സിസ്റ്റർ നബില പറഞ്ഞു.

ഗാസയിലെ ക്രിസ്ത്യൻ സമൂഹത്തെ സംബന്ധിച്ചിടത്തോളം, യുദ്ധം ആരംഭിച്ചതിന് ശേഷമുള്ള ഏറ്റവും മോശം കാലഘട്ടമാണിത്. ഫോൺ ലൈനുകൾ ഇല്ല, ഓൺലൈൻ കണക്ഷനുകൾ തുടർച്ചയായി തടസ്സപ്പെട്ടു. എന്താണ് പറയുന്നതെന്ന് മറ്റൊരാൾക്ക് മനസ്സിലാക്കാൻ കഴിയില്ല. എന്നാൽ ഞങ്ങൾ ജീവിച്ചിരിക്കുന്നു, പക്ഷേ ഞങ്ങൾക്ക് വേണ്ടത്ര ഇല്ല, ഞങ്ങൾക്കുള്ളത് ദൈവകൃപയാണ്. ഞങ്ങളുടെ ആളുകൾ നിരന്തരം കഷ്ടപ്പെടുന്നു. ഇരുപക്ഷവും സന്ധിയെക്കുറിച്ച് സംസാരിക്കുമ്പോഴെല്ലാം സൈനിക നടപടികളുടെ തീവ്രത വർദ്ധിക്കുന്നു. ഹോളി ഫാമിലി പള്ളി സ്ഥിതി ചെയ്യുന്ന അൽ സെയ്റ്റൺ മേഖലയിൽ രൂക്ഷമായ സൈനിക ഏറ്റുമുട്ടലും ഷെല്ലാക്രമണവുമാണ് നടക്കുന്നതെന്നും സിസ്റ്റർ നബില വെളിപ്പെടുത്തി. അതേസമയം വിവിധങ്ങളായ പ്രതിസന്ധികളെ അതിജീവിച്ച് ഗാസയിൽ ജെറുസലേം പാത്രിയാർക്കേറ്റിന്റെ സഹായത്തോടെ എസിഎൻ സഹായം ലഭ്യമാക്കുന്നത് തുടരുകയാണ്.ഭക്ഷണ സാധനങ്ങൾ വളരെ പരിമിതമാണെന്ന് എസിഎന്നിന്റെ പ്രാദേശിക നേതൃത്വവും അറിയിച്ചിട്ടുണ്ട്. ഭക്ഷണം കുറവാണ്, എവിടെയും കണ്ടെത്താൻ പ്രയാസമാണ്. ശുദ്ധമായ വെള്ളവും ഭക്ഷണവും ലഭ്യമാക്കുവാൻ ശ്രമിക്കുന്നുണ്ട്. എസിഎന്നിന്റെയും മറ്റ് സംഘടനകളുടെയും സഹായത്തോടെ, ജെറുസലേമിലെ ലാറ്റിൻ പാത്രിയാർക്കേറ്റ് പരിമിതമായ രീതിയിൽ ഭക്ഷണം എത്തിക്കുന്നുണ്ട്. അല്ലാത്തപക്ഷം, മറ്റെവിടെയെങ്കിലും ഭക്ഷണം കണ്ടെത്താൻ ശ്രമിച്ചു സാഹചര്യങ്ങളെ അതിജീവിക്കണം. ഒരു ചെറിയ ബോക്സ് ഭക്ഷണം ലഭിക്കാൻ ആളുകൾ മണിക്കൂറുകളോളം നടക്കുന്നു, അത് അവസാനം മൂന്ന് പേർക്ക് പോലും തികയാത്ത സാഹചര്യമാണെന്നും അവർ വിശദീകരിച്ചു.



ശുദ്ധജലം നിലവിലെ ഏറ്റവും ഗുരുതരമായ വെല്ലുവിളികളിൽ ഒന്നാണ്. ടോയ്‌ലറ്റുകൾക്കും സാനിറ്ററി യൂണിറ്റുകൾക്കും വൃത്തിയില്ലാത്ത വെള്ളമാണ് ഉപയോഗിക്കുന്നത്. പരമ്പരാഗത രീതികൾ ഉപയോഗിച്ച് വെള്ളം ശുദ്ധീകരിക്കുന്നു. കുട്ടികൾക്കു ഓക്കാനം, വയറിളക്കം എന്നിവ തുടങ്ങിയ ബുദ്ധിമുട്ടുകളുണ്ട്. പ്രായമായവ

(ശേഷം പേജ് 8)

# ബൈബിൾ യൂറോപ്പ്

## Christianity and its Beginnings

**വെളിപ്പാട് പുസ്തകത്തിലെ സഭകൾ...**
**വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...**

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

**▸▸ പത്മോസ് ▸▸ ടർക്കി**
**▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ**

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്പ്യ
- തെസ്സലോനിക്യ
- ബറോവ

## Beyond Patmos

**12 രാത്രി**
**13 പകൽ**



**അടുത്തയാത്ര**
**സെപ്റ്റംബർ 15**





ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

**e-mail:** maruppacha@yahoo.com
**web:** www.marupacha.com

**CONTACT: +91 9961720195**

# പിസിഐഎസി കോൺഫറൻസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു





**ടൊറന്റോ:** പെന്തെക്കോസ്റ്റൽ ഫെലോഷിപ്പ് ഓഫ് ഇൻഡോ കനേഡിയൻസിന്റെ പ്രഥമ കോൺഫറൻസ് 2024 ഓഗസ്റ്റിൽ ടോറോന്റോയിൽ വച്ച് നടത്തപ്പെടുന്നതിന്റെ ക്രമീകരണങ്ങൾ അവസാന ഘട്ടത്തിലേക്ക്.

10 പ്രൊവിൻസും മൂന്ന് ഫെഡറൽ ടെറിട്ടറിയുമുള്ള കാനഡ എന്ന വലിയ മനോഹരമായ രാജ്യത്ത് മലയാളികൾ കുടിയേറി തുടങ്ങിയിട്ട് 6 പതിറ്റാണ്ട് കഴിഞ്ഞു. 2024-ൽ എത്തി നിൽക്കുമ്പോൾ കാനഡയുടെ 10 പ്രൊവിൻസിലും മലയാളി പെന്തെക്കോസ്ത് സഭകളുടെ സാന്നിധ്യം ഇന്ന് ഉണ്ട്. കാലാകാലങ്ങളിൽ ഇമിഗ്രൻസ് ആയിട്ട് പല പ്രൊവിൻസിൽ താമസിക്കുന്നവരെ കൂടാതെ, സ്റ്റുഡന്റ് ആയിട്ട് പഠിക്കാൻ കടന്നുവന്നവർ, ഈ സ്ഥലങ്ങളെല്ലാം താമസിക്കുന്നു. പിൽക്കാലത്ത് ദൈവദാസന്മാരും വിശ്വാസികളും ചേർന്ന് തുടങ്ങിയ പ്രാർത്ഥനാ കൂട്ടായ്മകൾ ഇന്ന് സഭകളായി രൂപാന്തരപ്പെട്ടു. അങ്ങനെ ആ സഭകൾ എല്ലാം കൂടിച്ചേർന്ന് നടത്തുന്ന കോൺഫറൻസ് ആണ് പിസിഐസി PCIC. പത്ത് പ്രൊവിൻസുകളിൽ നിന്നും നിന്നും നൂറിൽപരം സഭകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കോൺഫറൻസ് 2024 ഓഗസ്റ്റ് മാസം 1,2,3 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ കാനഡ ക്രിസ്ത്യൻ കോളേജ്, whitby ആഡിറ്റോറിയത്തിൽവച്ചാണ് നടത്തപ്പെടുന്നത്. അനുഗൃഹീതരായ ദൈവദാസന്മാർ, വർഷിപ്പ് ലീഡേഴ്സ് കേരളത്തിൽ നിന്നും ശുശ്രൂഷിക്കുന്നതാണ്.

ഈ കോൺഫറൻസിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് ഓൺലൈനിൽ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. www.thepfic.ca. ഈ കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ്, ടോറോണ്ടോ, കാൽഗറി, എഡ്മണ്ടൻ, ഹാലിഫാക്സ്, സസ്കറ്റ്വാൻ എന്നീ സ്ഥലങ്ങളിൽ മെയ്, ജൂൺ മാസങ്ങൾ നടക്കുന്നുണ്ട്. അവിടെയും രജിസ്ട്രേഷൻ ചെയ്യുവാൻ ഉള്ള അവസരങ്ങൾ ലഭിക്കുന്നതാണ്.

കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി 16 അംഗ നാഷണൽ കമ്മറ്റി പ്രവർത്തിക്കുന്നുണ്ട്. ജനറൽ കൺവീനർ പാസ്റ്റർ ജോൺ തോമസ്(ടൊറൊന്റൊ), ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ശാമുവേൽ (ലണ്ടൻ, ഒന്റാറിയോ), ജനറൽ ട്രഷറാർ പാസ്റ്റർ വിൽസൺ കടവിൽ (എഡ്മണ്ട്ൻ, ആൽബർട്ട്) എന്നിവരെ കൂടാതെ കോൺഫറൻസിന്റെ വിപുലമായ കമ്മറ്റി എല്ലാ പ്രൊവിൻസിനെയും

പ്രതിനിധീകരിച്ചുകൊണ്ടു പ്രവർത്തിക്കുന്നു. പബ്ലിസിറ്റി കൺവീനർമാരായി പാസ്റ്റർ ബാബു ജോർജ്, ബ്ലെസ്സൻ ചെറിയാൻ, പ്രയർ കോർഡിനേറ്റർസായി പാസ്റ്റർമാരായ എബ്രഹാം തോമസും, സാമുവൽ ഡാനിയേലും, അതോടൊപ്പം ലേഡീസ് കോർഡിനേറ്ററായി വത്സമ്മ ഏബ്രഹാമും കോൺഫറൻസിന്റെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കോൺഫറൻസിന് സുഗമമായ നടത്തിപ്പിനു വേണ്ടി 40-ൽ പരം അംഗങ്ങൾ അടങ്ങുന്ന ലോക്കൽ കമ്മറ്റി പ്രവർത്തിക്കുന്നു. പ്രാദേശിക സഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 30ൽ പരം കൊയർ മെമ്പേഴ്സ് ഗാനങ്ങൾ ആലപിക്കുന്നതാണ്.

ഈ പ്രഥമ കോൺഫറൻസ് നടക്കുന്നത് whitby യിലെ കാനഡ ക്രിസ്ത്യൻ കോളേജിന്റെ വിശാലമായ ക്യാമ്പസിൽ ആണ്. ആയിരത്തിൽപരം ഡെലിഗേറ്റ്സിനെ പ്രതീക്ഷിച്ചുകൊണ്ട്, താമസം, ഭക്ഷണ ക്രമീകരണങ്ങൾ സംഘാടകർ ചെയ്തുവരുന്നു.

# ബൈബിൾ ഇനി ടെന്നസ്സി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥം

**ടെന്നസ്സി:** അമേരിക്കയിലെ ഇംഗ്ലീഷ് ഭാഷയിലുള്ള ബൈബിൾ ജൂലൈ 1 മുതൽ ടെന്നസ്സി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമായി അറിയപ്പെടും. ഇക്കഴിഞ്ഞ ചൊവ്വാഴ്ച റിപ്പബ്ലിക്കൻ ഗവർണർ ബിൽ ലീ ബില്ലിൽ ഒപ്പുവച്ചു. ഫിലാഡൽഫിയ പ്രിന്ററായ റോബർട്ട് എയ്റ്റ്കെൻ പ്രസിദ്ധീകരിച്ച ബൈബിൾ പരിഭാഷയ്ക്ക് കോൺഗ്രസിൽ നിന്ന് ഔദ്യോഗിക അംഗീകാരം നൽകിയതിനെ തുടർന്നാണ് സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമായി പ്രഖ്യാപിച്ചിരിക്കുന്നത്. ടെന്നസ്സി ഹൗസിലെയും സെനറ്റിലെയും ഭൂരിപക്ഷമുള്ള റിപ്പബ്ലിക്കൻ പ്രതിനിധികളിൽ നിന്ന് നിയമനിർമ്മാണത്തിന് ശക്തമായ പിന്തുണ ലഭിച്ചിരുന്നു.

2021ൽ വിശുദ്ധ ബൈബിളിനെ ടെന്നസ്സി സംസ്ഥാനത്തിന്റെ ഔദ്യോഗിക ഗ്രന്ഥമാക്കുന്ന പ്രമേയം ടെന്നസ്സി പ്രതിനിധി സഭയിലെ റിപ്പബ്ലിക്കൻ പ്രതിനിധിയായ ജെറി സെക്സടനാണ് ആദ്യമായി അവതരിപ്പിക്കുന്നത്. ജെറി സെക്സടൺ അവതരിപ്പിച്ച 'ഹൗസ് ജോയന്റ് റെസിലൂഷ്യൻ 150' എന്ന പ്രമേയം ഇരുപത്തിയെട്ടിനെതിരെ അൻപത്തിയഞ്ചു വോട്ടുകൾക്കു അന്ന് വോട്ടെടുപ്പിൽ പാസ്സായിരുന്നു. തോമസ് നെൽസൻ, ഗിദിയോൻസ് ഇന്റർനാഷണൽ, യുണൈറ്റഡ് മെത്തഡിസ്റ്റ് പബ്ലിഷിംഗ് ഹൗസ് തുടങ്ങി പ്രമുഖ ബൈബിൾ പ്രസാധക കമ്പനികൾ ടെന്നസ്സിയിലെ നാഷ്വില്ലേ ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്.

# ഖത്തർ ഐ.ഡി.സി.സി.പി.സിയ്ക്ക് പുതിയ നേതൃത്വം









**ദോഹ:** ഖത്തറിലെ ഇന്റർഡിനോമിനേഷണൽ ക്രിസ്ത്യൻ ചർച്ചസ്സിന്റെ (IDCC) ഭാഗമായ പെന്തക്കോസ്ത് സഭകളുടെ(ഐഡിസിസിപിസി) നിയമാനുസൃത നടത്തിപ്പിനായി പുതിയ ഭരണസമിതി നിലവിൽ വന്നു.

പാസ്റ്റർ പി.കെ.ജോൺസൺ (ചെയർമാൻ), ബോബി തോമസ് (കോഡിനേറ്റർ), സോജ് കെ. ജോർജ് (അഡ്മിനിസ്ട്രേറ്റർ), ജബ്രേസ് പി.ചെറിയാൻ (പി.സി ഫൈനാൻസ് കോഡിനേറ്റർ), ഷോയി വർഗീസ് (പി. സി. എം. സി.സി കോഡിനേറ്റർ), ബൈജു എബ്രഹാം (ഫയർ ആൻഡ് സേഫ്റ്റി കോഡിനേറ്റർ), ബിന്നി ജേക്കബ് (ഇന്റേണൽ ഓഡിറ്റർ) എന്നിവരാണ് എക്സിക്യൂട്ടീവ് അംഗങ്ങൾ.

ഏപ്രിൽ 23 ന് പാസ്റ്റർ പി.എം ജോർജിന്റെ അധ്യക്ഷതയിൽ നടന്ന ജനറൽബോഡിയിലാണ് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഐ.ഡി.സി.സി പി.സിയുടെ മേൽനോട്ടത്തിലുള്ള ദേവാലയ സമുച്ചയത്തിലെ എട്ടു ഹാളുകളിലാ 13 സഭകൾ ആരാധന നടത്തിവരുന്നു.






# AGIFNA രജത ജൂബിലി സുവനീർ പ്രകാശനം ചെയ്തു




**ന്യൂയോർക്ക്:** അസംബ്ലീസ് ഓഫ് ഗോഡ് ഇന്ത്യ ഫെലോഷിപ്പ് ഓഫ് നോർത്ത് അമേരിക്കയുടെ രജത ജൂബിലി കോൺഫറൻസ് കഴിഞ്ഞ ജൂലൈ മാസം 19 മുതൽ 23 വരെ ഫിലദൽഫിയ സിറ്റിയിൽ നടക്കുകയുണ്ടായി.

കഴിഞ്ഞ 25 വർഷങ്ങൾ നടന്ന കോൺഫറൻസിന്റെ ചരിത്രവും ചിത്രങ്ങളും ഉൾക്കൊള്ളിച്ച് ക്രമീകരിച്ച സുവനീർ 'എബനേസർ' എന്ന പേരിൽ ഏപ്രിൽ 20ന് ശനിയാഴ്ച ന്യൂയോർക്കിലുള്ള ശാലോം ഏ ജി ചർച്ചിൽ നടന്ന മീറ്റിംഗിൽ ജൂബിലി കൺവീനർ പാസ്റ്റർ സാജൻ ജോർജ് പ്രകാശനം ചെയ്തു.

കോൺഫറൻസിന്റെ ആദ്യകാല പ്രവർത്തകനും ആദ്യത്തെ മൂന്ന് കോൺഫറൻസിന്റെ പ്രസിഡന്റുമായിരുന്ന പാസ്റ്റർ കെ. പി. ടൈറ്റസ് ആദ്യപ്രതി ഏറ്റുവാങ്ങി. സുവനീറിന്റെ പബ്ലിഷറായി ഫിലിപ്പ് ഡാനിയേലും ചീഫ് എഡിറ്ററായി പ്രൊഫ. സണ്ണി എ. മാത്യുസും പ്രവർത്തിച്ചു. അമേരിക്കയിലും കാനഡയിലും ഉള്ള എല്ലാ പ്രാദേശിക ഏജി സഭകളിലും ന്യൂയോർക്കിൽ നടക്കുന്ന 26 മത് കോൺഫറൻസിലും ഇതിന്റെ കോപ്പികൾ ലഭ്യമാകും എന്ന് സംഘാടകർ അറിയിച്ചു.

# ഐപിസി ഒമാൻ റീജിയൻ വുമൺസ് ഫെലോഷിപ്പിന് പുതിയ നേതൃത്വം






**മസ്കറ്റ് :** ഐപിസി ഒമാൻ റീജിയൻ വിമൻസ് ഫെലോഷിപ്പിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡണ്ട് സൂസൻ ഷാജി പാലക്കാമണ്ണിൽ, വൈസ് പ്രസിഡണ്ട് ഗ്ലോറി ഡേവിഡ്സൺ, സെക്രട്ടറി സൂസൻ സുനിൽ, ജോയിന്റ് സെക്രട്ടറി ലിജി ബിനോയ്, ട്രഷറർ ജീപ വിനോദ്, ജോയിന്റ് ട്രഷറർ ഷാനി സനു.

കമ്മിറ്റി മെബേഴ്സ്: മറിയാമ്മ ചെറിയാൻ, സുനി ബിജു, രാജി ഷിജു എന്നിവരെ തിരഞ്ഞെടുക്കുകയും പാസ്റ്റർ ഷാജി വർഗ്ഗീസ് ഭാരവാഹികളെ അനുഗ്രഹിച്ചു പ്രാർത്ഥിക്കുകയും പാസ്റ്റർ സുനിൽ മത്യൂവിന്റെ ആശിർവ്വാദത്തോടെ മീറ്റിംഗ് അനുഗ്രഹമായി അവസാനിക്കുകയും ചെയ്തു.

# ഗാസയുടെ ചരിത്രം; ക്രൈസ്തവരുടേതും!

(5-ാം പേജ് തുടർച്ച)

രിൽ നാല് പേർ ഗുരുതരമായ രോഗങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ ഇവരുടെ വിശ്വാസം ഉറച്ചതാണ്. പ്രാർത്ഥന, ബൈബിൾ ധ്യാനം എന്നിവയ്ക്ക് പുറമെ, കുട്ടികൾക്കായി പരിശീലന പരിപാടികളും പ്രാർത്ഥനകളും ഇപ്പോഴും സംഘടിപ്പിക്കുന്നുണ്ടെന്ന് എസിഎൻ റിപ്പോർട്ട് ചെയ്യുന്നു. അതേസമയം ഗാസയിലെ 23 ലക്ഷം ജനങ്ങളിൽ 70 ശതമാനവും അതിഗുരുതരമായ പട്ടിണിനേരിടുന്നതായി യു.എൻ. ഭക്ഷ്യപദ്ധതിയുടെ (ഡബ്ല്യൂ.എഫ്.പി.) കഴിഞ്ഞ ദിവസം വെളിപ്പെടുത്തിയിരുന്നു.

**ഗാസയും ക്രൈസ്തവരും തമ്മിൽ എന്താണ് ബന്ധം?**

യുദ്ധം തീവ്രമായപ്പോൾ എല്ലാം വിട്ടെറിഞ്ഞ് പോകാൻ യിസ്രായേൽ സൈനികർ ആവശ്യപ്പെട്ടപ്പോൾ അതിന് കഴിയാതിരുന്നവരാണ് നൂറ്റാണ്ടുകളായി ഈ പലസ്തീൻ മണ്ണിൽ അടിവേരാഴ്ത്തിയ ഈ ക്രൈസ്തവർ. തങ്ങളുടെ പൂർവ്വികർ ആരാധിച്ച പള്ളികളിൽ അഭയം തേടാനാണ് അവർ ആഗ്രഹിച്ചത്. ക്രിസ്തു ജനിച്ച നാട്ടിൽ, ഒന്നാം നൂറ്റാണ്ടിലെ ക്രൈസ്തവരുടെ പിന്മുറക്കാരായ അവർ കർത്താവിന്റെ ആലയത്തിൽ സുരക്ഷിതരായിരിക്കുമെന്നാണ് കരുതിയത്. അങ്ങനെ ഗ്രീക്ക് ഓർത്തഡോക്സ് പള്ളി കോമ്പൗണ്ടിൽ അഭയം തേടിയെങ്കിലും യിസ്രയേലിന്റെ ബോംബ് വർഷം അവിടേയും സംഭവിച്ചു. 17 പേർ തത്ക്ഷണം മരിച്ചു.

ഗസ്സ, ഹമാസ് - യിസ്രയേൽ സംഘർഷത്തിന്റെ കണ്ണീർ മുനമ്പാകുമ്പോൾ ഗസ്സയിലെ ക്രൈസ്തവർ നേരിടുന്ന വംശമില്ലാതാകൽ ഭീഷണിയെക്കുറിച്ചും നാം അറിഞ്ഞിരിക്കേണ്ടതാണ്. വിശുദ്ധ ബൈബിളിലെ പഴയ നിയമ-പുതിയ നിയമഭാഗങ്ങളിൽ പലയിടത്തും ഗസ്സയെക്കുറിച്ച് വ്യക്തമായി എഴുതിയിട്ടുണ്ട്. ക്രിസ്തു വർഷം ഒന്നാം നൂറ്റാണ്ടിൽ തുടങ്ങുന്നതാണ് ഗസ്സയിലെ ക്രിസ്ത്യാനികളുടെ ചരിത്രം. അത് അതിജീവനത്തിന്റേയും ചെറുത്ത് നിൽപ്പിന്റേയും നഷ്ടസ്വപ്നങ്ങളുടേയും കഥ കൂടിയാണ്. അപ്പോസ്തലന്മാരുടെ പ്രവർത്തന കാലഘട്ടത്തിൽ ഗസ്സയിലും ക്രൈസ്തവ സമൂഹം ശക്തിപ്പെട്ടു. യേശുക്രിസ്തുവിന്റെ കുരിശ്മരണത്തിന്റെ സന്ദേശം പ്രചരിപ്പിക്കാൻ ഫിലിപ്പോസ് മരുഭൂമിയിലൂടെ ഇവിടേക്ക് യാത്ര ചെയ്തതായി നാം കാണുന്നു. തുറമുഖത്തേക്കും പ്രധാന നഗരങ്ങളിലേക്ക് യാത്ര ചെയ്യുന്നതിന് സഹായിക്കുന്ന സ്ഥാനമെന്ന നിലയിൽ ഗസ്സ നാലാം നൂറ്റാണ്ടിൽ ഒരു പ്രധാന ക്രിസ്തീയ കേന്ദ്രമായിരുന്നതായി ചരിത്രം പറയുന്നു. 1200 വർഷങ്ങൾക്ക് മുമ്പ് സഞ്ചാരിയായിരുന്ന ബില്ലി ബാൾ ഗസ്സയിലെത്തിയ അനുഭവം വിവരിക്കുന്നുണ്ട്. അന്ന് ക്രിസ്ത്യാനികളും മുസ്ളിങ്ങളും ഒരേ സമയം ഉപയോഗിച്ചിരുന്ന ഒരു ആരാധനാലയത്തെ കത്തീഡ്രൽ മോസ്ക് എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത്. ധാരാളം ക്രൈസ്തവരും മുസ്ളിംങ്ങളും പരസ്പര സൗഹാർദത്തോടെ ഇവിടെ തിങ്ങിപ്പാത്തിരുന്നതായി അദ്ദേഹം എഴുതിയിരിക്കുന്നു. 1099 ൽ ഒന്നാം കുരിശ് യുദ്ധത്തിൽ ജെറുസലേം തകർക്കപ്പെടുമ്പോഴും ഗസ്സ അഭയാർത്ഥികൾക്ക് അഭയമായിരുന്നു. 1948-ൽ യിസ്രയേൽ രാഷ്ട്രം സ്ഥാപിതമായതോടെയാണ് ഗസ്സയിലെ ക്രൈസ്തവരുടെ പതനം സംഭവിക്കുന്നത്. പ്രദേശത്തിന്റെ പല ഭാഗങ്ങളിൽ നിന്നും പലസ്തീനികൾ പലായനം ചെയ്ത കൂട്ടത്തിൽ അവർക്കിടയിൽ നൂറ്റാണ്ടുകളായി പാർത്ത് വന്ന ക്രൈസ്തവരും പലായനം ചെയ്യാൻ നിർബ്ബന്ധിതരായി. ഇത്തരം പലായനത്തിനിടെ 1960കളുടെ മധ്യത്തിൽ ഗസ്സയിൽ ക്രിസ്ത്യാനികളുടെ എണ്ണം 6000 മാത്രമായി. 2007 ൽ യിസ്രയേൽ ഗസ്സ ഉപരോധിച്ചതോടെ അറബികൾക്ക് സമാനമായി ക്രിസ്ത്യാനികൾക്കും നിയന്ത്രണങ്ങൾ ബാധകമായി. മുസ്ളിം മതാഭിമുഖ്യമുള്ള ഹമാസ് ഗസ്സയുടെ ചുമതലയിൽ വന്നതോടെ പൊതുരംഗത്ത് ഉണ്ടായിരുന്ന ക്രൈസ്തവരെല്ലാം പിന്നിലേക്ക് തഴയപ്പെട്ടു. പ്രമുഖ സ്ഥാനങ്ങളിൽ നിന്നെല്ലാം ഇവർ ഒഴിവാക്കപ്പെട്ടു. ഉന്നത സ്ഥാനങ്ങളിലും വിദ്യാഭ്യാസ രംഗത്തും രാഷ്ട്രീയ രംഗത്തും എല്ലാം ക്രൈസ്തവരെ ഒഴിവാക്കി ഹമാസിന്റെ മതഭരണം ശക്തമാക്കി. ഈ കാലയളവിൽ ഗാസയിൽ ക്രൈസ്തവർ 3000 ആയി ചുരുങ്ങി. മാത്രമല്ല, വെസ്റ്റ് ബാങ്കിലേയും ജെറുസലേമിലേയും ക്രിസ്ത്യൻ കമ്മ്യൂണിറ്റികളിൽ നിന്ന് വിച്ഛേദിക്കപ്പെട്ട ഇവർക്ക് ബെത്‌ലഹേമിലെ ക്രിസ്തീയ സ്ഥലങ്ങൾ സന്ദർശിക്കുന്നതിന് പോലും യിസ്രയേലിന്റെ അനുമതി ആവശ്യമായി വന്നു. ഇങ്ങനെ ഹമാസിന്റേയും യിസ്രയേലിന്റേയും നിയന്ത്രണങ്ങൾ കടുത്തതോടെ അവശേഷിച്ച ക്രൈസ്തവരിൽ നിന്നും കൊഴിഞ്ഞ് പോക്ക് ശക്തമായി. ഇപ്പോൾ ഹമാസ്-യിസ്രയേൽ യുദ്ധം ആരംഭിച്ചതോടെ ഗസ്സയിലെ ശേഷിക്കുന്ന ക്രൈസ്തവരുടെ അവസ്ഥയും പരിതാപകരമായി. അവർക്ക് ഇരുഭാഗത്ത് നിന്നും നീതി ലഭിച്ചില്ല. ഒടുവിൽ നിലവിലുള്ള സ്ഥാനത്ത് നിന്ന് തെക്കൻ ഭാഗത്തേക്ക് ഒഴിയേണമെന്ന യിസ്രയേലിന്റെ നിർദ്ദേശം വന്നതോടെ ശേഷിക്കുന്ന ക്രൈസ്തവർ നാട് വിടാൻ മനസില്ലാതെ അഭയമായി കണ്ടത് തങ്ങളുടെ പിതാക്കന്മാർ ആരാധിച്ച് വന്ന അപൂർവ്വം ചില ആരാധനാലയങ്ങളാണ്. കാരണം യിസ്രയേൽ അവിടം ആക്രമിക്കില്ലായെന്ന വിശ്വാസമായിരുന്നു അവരെ ഭരിച്ചിരുന്നത്. എന്നാൽ ഒക്ടോബർ 20ന് അവർ അഭയം പ്രാപിച്ച ഗ്രീക്ക് ഓർത്തഡോക്സ് ചർച്ചിന് മുകളിലേക്കും ബോംബ് വീണ് 18 മനുഷ്യർ ഇല്ലാതായതോടെ ആ പ്രതീക്ഷയും നഷ്ടമായി. പള്ളി പൂർണ്ണമായും തകർന്നു. അവരുടെ സുരക്ഷിതബോധത്തെ തകർക്കുന്നതായിരുന്നു ആ ആക്രമണം, ഇനിയിപ്പോൾ ശേഷിക്കുന്ന ഈ ജനതയ്ക്ക് ഏക അഭയം ഗസ്സയിലെ ഹോളി ഫാമിലി ചർച്ച് മാത്രമാണ്. മരിച്ച് വീണാലും അത് പള്ളിക്കുള്ളിൽ ദൈവ സാന്നിധ്യത്തിൽ ആകട്ടെ എന്നാണ് ഇപ്പോൾ അവർ ചിന്തിക്കുന്നത്. കാരണം ഇനി ഒരു പുനരധിവാസം ലഭ്യമായാൽ പോലും തങ്ങളുടെ അസ്ഥിത്വം വീണ്ടെടുക്കാനാവില്ലെന്ന് അവർ ഉറപ്പിക്കുന്നു. ഗസ്സ നിർജ്ജനമാകും എന്നത് ദൈവവചന സന്ദേശമാണ്. അതുകൊണ്ട് തന്നെ ഇനിയിവിടെ ഒരു ശാശ്വത വാസമില്ലെന്ന് അവർ മനസിലാക്കുന്നു.

# മുഴുവൻ ഇന്ത്യക്കാരും ഹിന്ദുക്കളെന്ന് ആർ.എസ്.എസ്. മേധാവി മോഹൻ ഭാഗവത്

(1-ാം പേജ് തുടർച്ച)

ധരിക്കുന്നവസ്ത്രം എന്തുതന്നെയാവട്ടെ അവർ ഇന്ത്യയെ മാതൃരാജ്യമായി കണക്കാക്കുന്നുണ്ടെങ്കിൽ അവരെല്ലാം ഹിന്ദുക്കളാണ്. ഇതാണ് സത്യവും. ആർ.എസ്.എസ്. ഈ സത്യം ഉറക്കെ പറയുന്നു' അദ്ദേഹം പറഞ്ഞു.

സംഘത്തെ മനസ്സിലാക്കാൻ അതിൽ അംഗത്വം എടുക്കുകയാണ് ഏറ്റവും നല്ല മാർഗം. മധുരം രുചിച്ചാൽമാത്രമേ അതെന്താണെന്ന് അറിയാൻകഴിയൂ. നമുക്കെല്ലാവർക്കും ഒരു പൂർവികനാളുള്ളത്. എല്ലാവരും അവരുടെ ആരാധനയിൽ ഉറച്ചുനിൽക്കണം. ആരുടെയും ആരാധനയിൽ മാറ്റംവരുത്താൻ ശ്രമിക്കരുത്. സംഘത്തിന് സ്വാർഥതാത്പര്യമില്ല, ജനപ്രീതി ആവശ്യമില്ല. ഭാഗവത് കൂട്ടിച്ചേർത്തു.

മരുപ്പച്ച
വെബ്സൈറ്റിൽ
www. marupacha.com
Email: maruppacha @gmail.com
Whatsapp: 9961720195

ഏഴ് സഭകളുടെ നാട്
തുർക്കി




300-ലധികം പേജുകളുള്ള ഈ പുസ്തകത്തിന്റെ മുഖവില 300 രൂപ.

ദീപ്തി പബ്ലിക്കേഷൻസ്
പ്ലാന്തോട്ടം കോംപ്ലെക്സ്
തിരുവല്ല 689 101
Ph: 9961720195

പെന്തെക്കോസ്ത് ശുശ്രൂഷാസഹായി

- വിവാഹമായാലും പുതിയൊരു വീടിന്റെ പ്രതിഷ്ഠയായാലും എല്ലാം ചന്തവും ഉചിതവുമാകണം.
- ക്രിസ്തീയ ശുശ്രൂഷയിൽ അനേകരെ കുഴയ്ക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം
- സഭായോഗം, കർത്തൃമേശ, സ്നാനം, വിവാഹം, ശിശു പ്രതിഷ്ഠ, കല്ലിടീൽ, ഭവനപ്രതിഷ്ഠ, ആലയപ്രതിഷ്ഠ, നവവത്സരപ്രവേശനം, യാത്ര അയപ്പുയോഗം, വാഹന പ്രതിഷ്ഠ, ഉപവാസ പ്രാർത്ഥന, കാത്തിരിപ്പുയോഗം, ശവസംസ്കാരം തുടങ്ങിയ ശുശ്രൂഷകൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു.
- 101 പ്രസംഗക്കുറിപ്പുകൾ, ചിന്താരത്നങ്ങൾ,




തിരുവല്ല ദീപ്തിബുക്ക് ഷോപ്പിൽ ലഭിക്കുന്നു

പുസ്തകം VPP ആയും ലഭിക്കും

ഗ്രന്ഥകർത്താവ്
കുര്യാക്കോസ് തോട്ടത്തിൽ
വില: ₹. 200/-

വിലാസം:
DEEPTHI PUBLICATIONS,
PLANTHOTTAM COMPLEX, TIRUVALLA - 1.
PH: 0469 - 2634321

# ഈ സ്നേഹത്തിന് മാനദണ്ഡങ്ങളില്ല



ജെനി ഹഡ്സൺ

സമൂഹത്തിൽ അറിയപ്പെടുന്നവരോട് കൂടെ നിന്ന് പിക്ചറെടുപ്പാനും അത് സോഷ്യൽ മീഡിയയിലൂടെ ആളുകളെ അറിയിപ്പാനും മിക്കവർക്കും ഒരു അഭിമാനം ആണ്. ഫിലിം സ്റ്റാർസിന്റെ കൂടെയൊക്കെ നിന്ന് ഒരു പിക്ചർ കിട്ടാൻ വേണ്ടി മണിക്കൂറുകൾ കാത്തിരിക്കുന്നവരുണ്ട്. വലിയ വലിയ ആൾക്കാരുമായുള്ള ബന്ധം നമുക്കൊരു അഭിമാനവും സന്തോഷവുമാണ്. വചനം വായിക്കുമ്പോൾ യൂദായുടെ ലേഖനത്തിൽ, അതിന്റെ ഒന്നാം വാക്യത്തിൽ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത് ; യേശു ക്രിസ്തുവിന്റെ ദാസനും യാക്കോബിന്റെ സഹോദരനുമായ യൂദാ, പിതാവായ ദൈവത്തിൽ സ്നേഹിക്കപ്പെട്ടും യേശുക്രിസ്തുവിനായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവരായ വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്. നിങ്ങൾക്ക് കരുണയും സമാധാനവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ. യേശുക്രിസ്തുവിന്റെ ദാസൻ എന്നാണ് യൂദായെപ്പറ്റി യൂദാ അവതരിപ്പിക്കുന്നത്. യൂദാ ശരിക്കും യേശുവിന്റെ സഹോദരനാണ്, മറിയയുടെ മകനാണ് എന്നാൽ സഹോദരൻ എന്ന് പറയുന്നതിന് പകരം 'ദാസൻ' മൂലഭാഷയിൽ അടിമ എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. അങ്ങനെ അറിയപ്പെടാൻ ആയിരുന്നു യൂദക്ക് ഇഷ്ടം. തന്നെ തന്നെ പുകഴ്ത്തുന്നതിന് പകരം അല്ലെങ്കിൽ താനും യേശുവും തമ്മിലുള്ള ബന്ധം പറഞ്ഞുകൊണ്ടൊരു അംഗീകാരം വാങ്ങുന്നതിന് പകരം യൂദാ തന്നെത്തന്നെ പരിചയപെടുത്തുന്നത് അടിമയായി പറഞ്ഞുകൊണ്ടാണ്, എന്തൊരു ആത്മീയ കാഴ്ചപ്പാടാണ്. അതിന് ശേഷം എഴുതിയിരിക്കുന്നത്, ദൈവത്താൽ സ്നേഹിക്കപ്പെട്ടവരും യേശുക്രിസ്തുവിനാൽ സൂക്ഷിക്കപ്പെട്ടവരുമായ വിളിക്കപ്പെട്ടവർക്കാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്.

ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും യോഹന്നാൻ 3:16 ൽ പറയുന്നത് പോലെ 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു യേശുവിനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു'.

ദൈവം നമ്മളെ അത്രക്ക് സ്നേഹിക്കുന്നു. നമ്മെ വേർതിരിച്ചിരിക്കുന്നു. നമ്മൾ സ്കൂളിൽ ചെന്ന് ഏറ്റവും മിടുക്കരായ പത്ത് കുട്ടികളെ ദൈവത്തിനു വേണ്ടി വേണമെന്ന് ടീച്ചേഴ്സിനോട് ചോദിച്ചിരുന്നെങ്കിൽ നമ്മുടെ പേര് അതിൽ ഉണ്ടാകുമായിരുന്നോ... നമ്മുടെ അയൽക്കാരോട് വന്നു നമ്മെ പറ്റി അഭിപ്രായം ചോദിച്ചിട്ടും നമ്മെ തെരഞ്ഞെടുക്കാം എന്ന് വിചാരിച്ചിരുന്നെങ്കിൽ ആ തെരഞ്ഞെടുപ്പിൽ നമ്മുടെ പേരുണ്ടാകുമായിരുന്നോ, നമ്മുടെ നാട്ടിൽ വന്നു ചില മാനദണ്ഡങ്ങൾ വച്ചു സർവ്വേ നടത്തിയിരുന്നെങ്കിൽ നമ്മുടെ കുടുംബം ദൈവീക തിരഞ്ഞെടുപ്പിലുണ്ടാകുമായിരുന്നോ, സെക്രട്ടറിയേറ്റിൽ ഗവണ്മെന്റ് ഉദ്യോഗസ്ഥരോട് കേരളത്തിൽ നിന്ന് കുറച്ചു കുടുംബങ്ങൾ വേണമെന്ന് ഒരു ലിസ്റ്റ് എടുത്തിരുന്നെങ്കിൽ ആ ലിസ്റ്റിനകത്തു നമ്മുടെ പേര് ഉണ്ടാകുമായിരുന്നോ.

ദൈവം ആരോടും ഒന്നും ചോദിച്ചില്ല, ഒരു മനുഷ്യനും അഭിപ്രായം ചോദിച്ചില്ല, മനുഷ്യൻ ഉണ്ടാകുന്നതിന് മുമ്പ് ഭൂമിയുളവാകുന്നതിനുമുമ്പ് ലോക സ്ഥാപിതത്തിന് മുൻപ് ദൈവം നമ്മെ തെരഞ്ഞെടുത്തു. ദൈവത്തിന് അത്രയ്ക്ക് നമ്മളോട് സ്നേഹമുണ്ട്. അതുകൊണ്ട് ഇപ്പോൾ ഉള്ളസാഹചര്യം എത്ര പ്രതികൂലമാണെങ്കിലും എത്ര വേദനാജനകമാണെങ്കിലും, നിങ്ങളുടെ മനസ്സ് എത്ര കലങ്ങി മറഞ്ഞാലും, എപ്പോഴും ഓർത്തു കൊള്ളണം, ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ദൈവം യേശുവിനെ എത്രത്തോളം സ്നേഹിച്ചു അത്രത്തോളം നിങ്ങളെ സ്നേഹിക്കുന്നു. കർത്താവിൽ നിങ്ങളെ സൂക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പ്രിയമുള്ളവരെ, ദൈവത്തിന് നമ്മോട് സ്നേഹമുള്ളതു കൊണ്ട് നമ്മുടെ സ്നേഹവും ദൈവത്തിന് കൊടുക്കണം, ഈ ലോകത്തിന്റെ കളങ്കം പറ്റാതെ ഇരിപ്പാൻ നമ്മൾ നമ്മെ തന്നെ സൂക്ഷിക്കണം. മറ്റെല്ലാം മറന്ന് ദൈവസ്നേഹത്തിൽ സന്തോഷിക്കാൻ കഴിയണം.









# ജർമ്മനിയിലെ എലിപിടുത്തക്കാരൻ !!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

**ലോ**കപ്രസിദ്ധമായ ഒരു കഥ ഇങ്ങനെയാണ്: 1284-ൽ ജർമ്മനിയിലെ ഹാമ്ലെനിലെ ജനങ്ങൾ എലിശല്യംകൊണ്ട് പൊറുതിമുട്ടിയിരിക്കുമ്പോഴാണ് വിവിധവർണ്ണങ്ങളുള്ള വസ്ത്രം ധരിച്ച അപരിചിതനായ ഒരു കുഴലൂത്തുകാരൻ ആ ഗ്രാമത്തിലെത്തിയത്. അയാൾ ജനങ്ങളോട് പറഞ്ഞു, ഞാൻ നിങ്ങളുടെ ഗ്രാമത്തിലെ സകല എലികളെയും ഉന്മൂലനം ചെയ്യാം, എനിക്ക് എന്ത് പ്രതിഫലം തരും? അവർ അയാളുമായി ഒരു കരാറിലെത്തി, ഒരു വലിയ തുക അയാൾക്ക് നല്കാൻ ധാരണയായി. തുടർന്ന് അയാൾ തന്റെ പക്കലുള്ള കുഴലെടുത്ത് ഊതുവാൻ തുടങ്ങി. അല്പസമയത്തിനുള്ളിൽ ത്തന്നെ എല്ലാ വീടുകളിൽനിന്നും എലികൾ പുറത്തുചാടി അയാളുടെ ചുറ്റും കൂടി. അയാൾ പാടിക്കൊണ്ടേയിരുന്നു. ഗ്രാമത്തിലെ സകല മൂഷികരും തന്റെ പിന്നാലെ വന്നുവെന്ന് ഉറപ്പാക്കിയശേഷം അയാൾ അവയെ മുഴുവനും കൂട്ടിക്കൊണ്ട് അടുത്തുള്ള നദിയിലേക്ക് ഇറങ്ങി. പിന്നാലെ എലികൾ മുഴുവനും വെള്ളത്തിലേക്ക് ചാടി നദിയിൽ മുങ്ങിച്ചത്തു. അയാൾ തിരിച്ചുവന്ന് തന്റെ പ്രതിഫലം ആവശ്യപ്പെട്ടു. എന്നാൽ അവർ ഒഴികഴിവ് പറഞ്ഞു, എലികൾ ചത്തുപോയല്ലോ, ഇനിയിപ്പോൾ ഈ വലിയ തുക നാം എന്തിന് അയാൾക്ക് നല്കണമെന്നായിരുന്നു അവരുടെ ചിന്ത. അയാൾ കോപവും വൈരാഗ്യവും പൂണ്ട് അവിടെനിന്ന് പോയി. എന്നാൽ കുറച്ച് ദിവസങ്ങൾക്ക് ശേഷം അയാൾ വീണ്ടും എത്തി. തന്റെ പക്കലുള്ള കുഴൽ എടുത്ത് സംഗീതം ആലപിച്ചുതുടങ്ങി. ഇപ്രാവശ്യം വീടുകളിൽനിന്ന് എലികൾക്ക് പകരം കുട്ടികളാണ് പുറത്തുവന്നത്. നാല് വയസ്സുമുതൽ മേലോട്ട് പ്രായമുള്ള കുട്ടികളെല്ലാം അയാളുടെ ചുറ്റും കൂടി. അവിടത്തെ മേയറുടെ മുതിർന്ന കുട്ടിയുൾപ്പെടെ സകല വീടുകളിലുമുള്ള ബാലികാബാലന്മാർ അയാൾക്കൊപ്പം കൂടി. എല്ലാവരും കൂടെ നൂറ്റിമുപ്പത് കുട്ടികൾ! അയാൾ അവരെയും കൊണ്ട് അടുത്തുള്ള ഒരു പർവ്വതത്തിലേക്ക് പോയി അപ്രത്യക്ഷമായി. അയാൾ പോയി മറഞ്ഞ ഗുഹ ആളുകൾ കണ്ടെങ്കിലും കുട്ടികളെ ആരെയും കണ്ടെത്താൻ കഴിഞ്ഞില്ല! ഇത് നടന്ന സംഭവമാണെന്നും അല്ല, വെറും കെട്ടുകഥയാണെന്നും പറയപ്പെടുന്നു. എന്തായാലും കേൾക്കാൻ രസമുണ്ട്. പല ഗുണപാഠങ്ങളും അതിലുണ്ട്.

നമ്മുടെ നാട്ടിൽ ഓരോ തിരഞ്ഞെടുപ്പുകാലത്തും രാഷ്ട്രീയപ്പാർട്ടികൾ വമ്പിച്ച വാഗ്ദാനങ്ങൾ നല്കാറുണ്ട്. വാഗ്ദാനങ്ങൾ നല്കാനുള്ളവയാണല്ലോ. എല്ലാ യുവജനങ്ങൾക്കും ഏറ്റവും മികച്ച വിദ്യാഭ്യാസവും തൊഴിലും അക്കൂട്ടത്തിൽ പ്രധാനപ്പെട്ട വാഗ്ദാനമായിരിക്കും. പക്ഷേ ജയിച്ച് അധികാരത്തിലെത്തിയാൽ, ഹാമ്ലെനിലെ ജനങ്ങൾ കുഴലൂത്തുകാരനെ കബളിപ്പിച്ചതുപോലെ അനേകം ഒഴികഴിവുകൾ പറഞ്ഞ് വാഗ്ദാനങ്ങൾ ജലരേഖയാക്കി യുവാക്കളെ വലയ്ക്കുന്നു. പി.എസ്. സി പരീക്ഷയിൽ റാങ്ക് കിട്ടിയവർ മുട്ടിലിഴഞ്ഞുള്ള സമരം നടത്തിയിട്ടുപോലും തൊഴിൽ നല്കാതെ അവരുടെ റാങ്ക്‌ലിസ്റ്റ് പാഴായിപ്പോകുന്നു. കൂണുപോലെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും നാട്ടിൽ സ്ഥാപിക്കാൻ അനുമതി നല്കിയവർ, അവിടെ പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നല്കാനാകാതെ വാക്കുമാറ്റുകയും ഒഴികഴിവ് പറയുകയുമാണ്. സംരംഭകർ നാടുവിട്ടുപോകുകയോ ലോകംവിട്ടുപോവുകയോ ചെയ്യേണ്ടുന്ന സ്ഥിതിയിലെത്തുന്നു.

ഇതിനിടയിലാണ് കുഴലൂത്തുകാരൻ വീണ്ടും വന്ന് കുട്ടികളെയെല്ലാം കൂട്ടിക്കൊണ്ടുപോയതുപോലെ ജർമ്മനി, കാനഡ, യു.കെ, ആസ്ട്രേലിയ, ന്യൂസിലൻഡ്, അയർലണ്ട് മുതലായ രാജ്യങ്ങളിലേക്ക് നമ്മുടെ കുട്ടികൾ കൂട്ടമായി ചേക്കേറുന്നത്. അങ്ങനെ ഹാമ്ലിനിലെപ്പോലെ നമ്മുടെ നാട്ടിലും വീടുകൾ കാലിയായിക്കൊണ്ടിരിക്കുന്നു. ഏതാനും വൃദ്ധർ മാത്രമായി നാട്ടിൽ ശേഷിച്ചിരിക്കുന്നു. ലഹരിപദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന മാഫിയ നമുക്ക് ചുറ്റുമുള്ള വിദ്യാലയങ്ങളെ വളഞ്ഞിരിക്കുകയാണ്. മദ്യവില്പനശാലകളും യഥേഷ്ടം ഉണ്ട്. ഉപഭോക്താക്കളുടെ പ്രായം കണക്കിലെടുത്ത് കള്ളു മേടിക്കാൻ ക്യൂ നില്ക്കാതെ വാങ്ങാനുള്ള ക്രമീകരണമെങ്കിലും ചെയ്തുകൊടുക്കണം എന്ന ന്യായമായ ആവശ്യം ഉയരുന്നുണ്ട്.

ഹാമ്ലിനിലെ കുട്ടികൾ മാസ്മരികമായ സംഗീതത്തിന്റെ പിന്നാലെ പോയി പർവ്വതത്തിന് അപ്പുറത്തേക്ക് മറഞ്ഞതുപോലെ, വാഗ്ദാനം പാലിക്കാത്ത ഭരണകൂടത്തിന്റെ അധീനതയിൽനിന്ന് പുതുതലമുറ കൂട്ട പലായനം നടത്തുന്ന സ്ഥിതിയാണിന്ന്! സ്വാതന്ത്ര്യത്തിനായുള്ള ദാഹം നിമിത്തം അവർ നിലവിലുള്ള സംവിധാനങ്ങളെ ചോദ്യംചെയ്യും. വിപ്ലവഭരണകൂടങ്ങളുടെ നിയമങ്ങളോട് അവർക്ക് വിരക്തി തോന്നിയെന്നുവരാം. ചൈനയിൽ 1949-ൽ കമ്മ്യൂണിസ്റ്റു ഗവൺമെന്റ് (പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന) സ്ഥാപിതമായി. ദശലക്ഷക്കണക്കിന് ആളുകളെ ഉന്മൂലനം ചെയ്താണ് അവർ ചൈനയുടെ പ്രവിശ്യകളും ഗ്രാമങ്ങളും പിടിച്ചെടുത്തത്. പാർട്ടിക്കുവേണ്ടി ക്രൂരത ചെയ്യുന്നതിനോ, നിരപരാധികളെ കശാപ്പുചെയ്യുന്നതിനോ യാതൊരു മടിയുമില്ലാത്തവർ ഭരണത്തിലെത്തിയതും ഭരണം നിലനിർത്തുന്നതും തോക്കും പീരങ്കികളും ഉപയോഗിച്ചാണ്. ടിയനൻമെൻ സ്ക്വയറിൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കുമേൽ പീരങ്കി കയറ്റി കൂട്ടക്കൊല ചെയ്തത് ഉദാഹരണമാണ്.

അധികാരം തോക്കിൻകുഴലിലൂടെ എന്ന മാവോയുടെ ആപ്തവാക്യം ചൈനയിൽ മാത്രമല്ല, അനേകം രാജ്യങ്ങളിലും നടപ്പിലാക്കുന്നു. അവർക്ക് സ്വാതന്ത്ര്യം എന്നത് വെറും മരീചിക മാത്രമാണ്.

ലോകരാജ്യങ്ങളിൽ സ്വാതന്ത്ര്യം നിലനില്ക്കുന്ന പ്രദേശങ്ങളിൽ നായകർ ജീവൻ പണയപ്പെടുത്തി സമ്പാദിച്ച രാഷ്ട്രീയ സ്വാതന്ത്ര്യം നഷ്ടപ്പെടാതെ കാക്കേണ്ടതുണ്ട്. തീ കൊളുത്തിയാൽ മാത്രം പോരാ, തീ കെടാതെ കാക്കേണ്ടതുണ്ട്. പുതിയ തലമുറയെ ഈ ഉത്തരവാദിത്വത്തിലേക്ക് എത്തിക്കുന്നതിനും, ദേശസ്നേഹവും രാജ്യസ്നേഹവും അവരുടെ ഉള്ളിൽ വളർത്തുന്നതിനും കൂട്ടായ പ്രയത്നം ആവശ്യമുണ്ട്. ദേശസ്നേഹവും രാജ്യസ്നേഹവും പുതിയ തലമുറയിലേക്ക് പകർന്നുവെയ്ക്കുന്നതിന് സാധിക്കണം.

എന്നാൽ ദൈവരാജ്യം സാക്ഷാൽ സ്വാതന്ത്ര്യത്തിന്റെ ഭരണമാണ്. അതിൽ എത്തുന്നവർ ദൈവത്തെ അറിയുന്നവരും അവനിൽ വിശ്വസിക്കുന്നവരും അവനെ ഉറ്റുസ്നേഹിക്കുന്നവരും ആയിരിക്കും. ക്രിസ്തു പറഞ്ഞു: പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരായി. ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മ സന്തോഷവുമത്രേ. 'സ്വാതന്ത്ര്യത്തിനായി ക്രിസ്തു നിങ്ങളെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ച് നില്പിൻ, അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്.

ക്രിസ്തു നമ്മെ സ്വതന്ത്രരാക്കുക മാത്രമല്ല, ആ സ്വാതന്ത്ര്യത്തിൽ നിലനില്ക്കുന്നതിനുള്ള കരുത്തും നമുക്ക് ദാനമായി തരുന്നു. ഹാമ്ലിനിലെ കുട്ടികളെപ്പോലെ നമ്മുടെ തലമുറയെ ആരും കവർന്നുകൊണ്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുക. അവർ സ്വാതന്ത്ര്യം ആസ്വദിച്ചുകൊണ്ട് നവലോകം കെട്ടിപ്പടുക്കട്ടെ.


## റവ. ഡോ. കോശി വൈദ്യന്റെ പുസ്തകങ്ങൾ



പരിശുദ്ധാത്മാവ്
(ഒരു പഠനം)
വില : 250/-



ഇന്നലെ
ചെയ്തോരബദ്ധം.
വില : 250/-



നാഥൻ നടത്തിയ
വിധങ്ങൾ
വില : 200/-



അർദ്ധരാത്രിയിലെ
സംഗീതം
വില : 150/-



ദൈവത്തിനുള്ളത്
ദൈവത്തിന്
വില : 150/-



ദൈവത്തിന്റെ മനുഷ്യനായ ഏലിയാവ്
വില : 150/-

റവ.ഡോ. കോശി വൈദ്യന്റെ ഗ്രന്ഥങ്ങൾ
തിരുവല്ല ദീപ്തി ബുക്ക് ഹൗസിൽ

ഇന്ത്യയിൽ എവിടെയും
പുസ്തകങ്ങൾ
തപാലിൽ എത്തിക്കും.

നിങ്ങളുടെ കോപ്പികൾ
ഉടൻ ഉറപ്പാക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന ചില ഗ്രന്ഥങ്ങളുടെ പരിമിതമായ കോപ്പികൾ മാത്രമേ സ്റ്റോക്ക് ഉള്ളൂ.

DEEPTHI BOOK HOUSE
Planthottam Complex, Thiruvalla - 689 101,
Call : +9961720195

## DEEPTHI BOOK HOUSE

# ഇനി നമുക്ക്
## സമാഗമന കൂടാരത്തെക്കുറിച്ച് ഒരു പ്രസംഗം നടത്തിയാലോ?

- ഒരു കാലത്ത് കേരളത്തിലെ പെന്തെക്കോസ്ത് പ്രസംഗകരുടെയെല്ലാം പ്രിയപ്പെട്ട പ്രസംഗവിഷയമായിരുന്നു സമാഗമന കൂടാരവുമായി ബന്ധപ്പെട്ട നിഴലും പൊരുളും
- ദൈവസഭയുമായി ബന്ധപ്പെട്ട അതിപ്രധാന ആത്മീയ മർമ്മങ്ങളുടെ കലവറയായ സമാഗമനകൂടാരത്തെക്കുറിച്ച് ആധികാരിക പഠനഗ്രന്ഥം
- ബൈബിൾ നാടുകളായ ഇറാക്ക്, തുർക്കി, ജോർദ്ദാൻ, ഈജിപ്ത്, പാലസ്തീൻ, ഗ്രീസ് എന്നിവിടങ്ങളിലൂടെ ഗ്രന്ഥകാരൻ നടത്തിയ യാത്രയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.
- ഒട്ടനവധി ചിത്രങ്ങൾ, ഗ്രന്ഥകാരൻ വരച്ച ചാർട്ടുകൾ എന്നിവയെല്ലാം സമാഗമനകൂടാരമെന്ന വിഷയം ലളിതമായി മനസിലാക്കാൻ സഹായിക്കും.




VPP ആയും അയച്ചുതരും.



വെളിപ്പാട് പുസ്തക വ്യാഖ്യാനം എന്ന ബൃഹത് ഗ്രന്ഥം രചിച്ച
പാസ്റ്റർ പി. അതിരൂപന്റെ
മികച്ച മറ്റൊരു പഠനഗ്രന്ഥം.

Call : +9961720195

DEEPTHI BOOK HOUSE
Planthottam Complex,
Thiruvalla - 689 101, Kerala

## ചെന്നൈയിൽ മലയാളം ആരാധന



ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet,
Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel) In India No: 25/2 New colony 13th cross street Chromepet Chennai - 44

Pastor. C.K. Reji

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

**Phone - 22411060, Mob: 9382599333**

## RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
**MATHEW C. SAMUEL**
SFR, ABR, SRES, SRS, GRI, AHWD
**469 258 8118 - cell**
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com, www.beamrealestate.com

## തിരുവല്ലയിൽ പ്രഭാത ആരാധന

നിങ്ങളുടെ ഞായറാഴ്ച പ്രഭാതങ്ങൾ
ഇനി ദൈവസാന്നിധ്യത്തിന്റെ പ്രസന്നതയോടെ......

എല്ലാ ഞായറാഴ്ചയും രാവിലെ 6.30 മുതൽ 8.30 വരെ
തിരുവല്ല, മുത്തൂർ, ഐപിസി എബനേസർ സഭയിൽ

ഞായറാഴ്ചകളിൽ അതിരാവിലെ ദൈവത്തെ ആരാധിക്കുക
ഒരു പക്ഷേ നിങ്ങൾക്ക് അത്യാവശ്യ യാത്രകളോ, എൻട്രൻസ് കോച്ചിങ്ങോ ഉണ്ടെങ്കിലും ആരാധന മുടക്കാതിരിക്കുക

9495614414, 0469 - 2731484



പാസ്റ്റർ സി. പി. മോനായി
നേതൃത്വം നൽകുന്നു.



## Immanuel Christian Assembly



Sunday Meetings

Sunday school
11 am to 11:30 am

Sunday worship
11:30 am to 1:30 pm

**PR. BINOY JOSEPH**

JOIN US

2210 FM 544, DALLAS, WYLIE, TX 75098
TEL: + 1 469 931 8896
WEB: WWW.ICDALLAS.ORG



വിവാഹ പരസ്യങ്ങൾക്ക് 1500 രൂപ
പരസ്യങ്ങൾ വാട്ട്സാപ്പിലും ടെലിഫോണിലും സ്വീകരിക്കും
9961720195
maruppacha@gmail.com
വിവാഹ പരസ്യങ്ങൾ സൗജന്യമായി വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.
Google Pay : 9961103983

NRI Pentecostal parents invite proposals for their son, DOB: 29th Dec 93, 170cm, Doctor, working in Ernakulam and also preparing forNEET exam, from parents of MBBS Doctor, spiritual and no ornaments from abroad or India. Respond details and recent photo to
**WhatsApp +254735817143 or call +919746801861**

Mumbai-based Christian family (born again and baptised) invites proposals for their daughter, 30 yrs, 160cms post-graduate MS, data scientist from Canada, currently employed with a reputed firm in Canada. Seeking alliances from god-fearing, qualified, employed boys in Canada or USA. Contact for further details.
**Mob 9819025373**

We(Mumbai Based) are looking for a suitable born again , Spirit filled and non-ornament wearing malayalam speaking pentecostal girl for our 28-year old son(5’11" height), currently working in the UK hotel industry as a CDP. We are looking for a like-minded proposals who share a deep love for God and desires to grow in the Lord together serving His purpose.
**Mob: 8308778361, WhatsApp : 9422498436**

പെന്തെക്കോസ്ത് യുവതി, 29-11-1998, 157 cm, PG (MSW) Youth counselor, മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. സഹോദരങ്ങളില്ല. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**Mob : 9495847710**
**email: icgceldo@yahoo.com**

പുനർവിവാഹം ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ്, 35 വയസ്സ്, 185 സെ.മീ., ഇരുനിറം, 10-ാം ക്ലാസ് വിദ്യാഭ്യാസം. സാധാരണ കുടുംബത്തിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
**Mob : 9605841465, 8714462517**

Syrian Christian Pentecostal parents settled in North India invite proposal for their daughter, holy spirit filled, involved church activities, born Sept.1995, weight 53kg, height 5'3", fair, B.Tech from India, MS from Canada, holding work permit & working, PR applied, lightly wearing Ornaments, Seeking suitable spiritual life partner with good academic professional background in Canada having minimum height 171cm to 177 cm, weight between 65 Kg. to 75 Kg., Age between 28 to 31 who is holding Canada PR. and also consider US Citizen. If interested, please sent a photograph to this No. Thanks.
**Contact No. 9899199780**

Pentecostal parents seeking alliance for born again baptized girl (31/162cm), Doctor of Pharmacy, working in a hospital, Dallas, TX. Preference for God-fearing professionally qualified boys from USA. Interested parties contact at
**Ph. 972-395-8080**

A Spiritfilled Christian Pentecostal Young Man, Innocent Divorcee , 34 , 5."7, BBA, Now In Bangalore Having Own It Business. “Prayerfullly Searching For A Suitable Alliance From An Educated , Professionally Determined Woman. Someone Who Is Spirit Filled, Down-to-earth , Open-minded With A Realistic Approach To Life & With A Caring Nature.
**Contact # 00973 - 340 55 955 / 00973 - 3383 4012**

Pentecostal Parents of Trichur native invite proposals for their Son who is doing a business in Sohar - Oman, 28yrs, and having a height of 182cm and with qualifications - B-com, degree in Music production - (Hillsongs Australia) & Sound Engineering -(Chethana Trichur). Proposal invited from parents of God fearing & qualified girls.
**Contact: 0096893016769**

Proposal invited for Pentecostal man 49yrs, 172cm Height, B.com, divorced and running his own business in UAE. Seeking proposals from Spiritual and qualified girls..
**Ph: +971 50 5782113**

A Christian Orthodox divorce of 36 years well settled abroad Seeks alliance from orthodox, jacobite, marthoma and catholics divorced/unmarried women of age 30 to 34 years. Preferably Engineers, MBA and MCA.
**Contact number 9967592045**

## ദി പെന്തെക്കോസ്ത് മിഷൻ കൺവെൻഷൻ 2024

| | | | |
|---|---|---|---|
| കുന്നൂർ, ഷില്ലോഗ് | മെയ് 9 - 12 | ഫിജി | " 19 - 22 |
| കെല്ലീസ് | " 16 - 19 | ന്യൂസിലാൻഡ് | " 20 - 22 |
| ക്വാലാലമ്പൂർ | " 30 - ജൂൺ 2 | മെൽബൺ | " 26 - 29 |
| സിംഗപൂർ | ജൂൺ 6 - 9 | നേപ്പാൾ | ഒക്ടോബർ 2 - 5 |
| യു.എസ്.എ (ഇന്ത്യാന, പെൻസിൽവേനിയ) | ജൂലൈ 10 - 14 | സെക്കൻഡ്രാബാദ് | " 3 - 6 |
| എൽസൽവഡോർ | ജൂലൈ 18 - 21 | ജമ്മു, കട്ടക്ക് | " 10 - 13 |
| ട്രിനിഡാഡ് | " 25 - 28 | ന്യൂഡൽഹി/ ആൻഡമാൻസ് | " 17 - 20 |
| ജർമനി | " 26 - 28 | കൊഹിമ, നാഗ്പൂർ | " 24 - 27 |
| സ്വിറ്റ്സർലണ്ട് | ആഗസ്റ്റ് 2 - 4 | വഡോദര, തിരുപ്പതി | " 31 - നവംബർ 3 |
| സിറാ ലിയോൺ (ഫ്രീടൗൺ) | " 8 - 11 | ദുബായ് | നവംബർ 7 - 10 |
| പാരീസ് | " 15 - 18 | പുനലൂർ, കൊൽക്കട്ട | " 14 - 17 |
| ലണ്ടൻ | " 22 - 25 | കെനിയ (നെയ്റോബി) | " 15 - 17 |
| മൗണ്ട് ഹേഗൻ (പി.എൻ.ജി) | സെപ്റ്റംബർ 10 - 12 | വാർഷിക യുവജനക്യാമ്പ് | " 21 - 24 |
| പോർട്ട് മോഴ്സ്ബി (പി.എൻ.ജി) | " 13 - 15 | എറണാകുളം, വെല്ലൂർ | നവം.28 - ഡിസം. 1 |
| | | കൊക്കാവിള (ശ്രീലങ്ക) | ഡിസംബർ 27 - 31 |












Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.